കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചേലക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR-P3-1330/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 15/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേലക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-P3-1330/2021 തീയ്യതി: 15/03/2022

തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബിന്ദു.എസ്.നായർ	ഡെപ്യൂട്ടി ഡയറക്ടർ	06-09-2021	18-09-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-09-2021	18-09-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സദാനന്ദൻ.പി.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യ വിക്രമൻ, അസി. ഓഡിറ്റ് ഓഫീസർ (13.09.2021 മുതൽ)
ശ്രീമതി.സുധ.ഇ.എൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ.പി.ബി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ
ശ്രീ.സ്വാലിഹ്.സി.പി, ഓഡിറ്റർ (13.09.2021 മുതൽ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ആർ.ഉണ്ണികൃഷ്ണൻ	പ്രസിഡന്റ്	01-04-2020	29-07-2020
ഒഴിവ്	പ്രസിഡന്റ്	30-07-2020	25-08-2020
ശ്രീമതി.ശാന്തകുമാരി	പ്രസിഡന്റ്	26-08-2020	10-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	11-11-2020	29-12-2020
ശ്രീമതി.എം.കെ.പദ്മജ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീമതി.റെനി പോൾ	സെക്രട്ടറി	01-04-2020	04-08-2020
ശ്രീമതി.ബിന്ദു.കെ	സെക്രട്ടറി	05-08-2020	08-10-2020
ശ്രീമതി.അമ്പിളി.എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-10-2020	04-11-2020
ശ്രീമതി.ബിന്ദു.കെ	സെക്രട്ടറി	05-11-2020	16-01-2021
ശ്രീ. എം.എസ്.ശശികുമാർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-01-2021	04-02-2021
ശ്രീ.എൻ.പി.രാജി	സെക്രട്ടറി	05-02-2021	07-03-2021
ശ്രീമതി.അമ്പിളി.എം.	സെക്രട്ടറി-ഇൻ-ചാർജ്ജ്	08-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഷൈന.എം.ജി	അസി.എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ.എം.എസ്.ശശികുമാർ	അസി.സെക്രട്ടറി	01-04-2020	31-03-2021
ശ്രീ.വിഷ്ണു	കൃഷി ഓഫീസർ	01-04-2020	31-03-2021
ഡോ.ദിവ്യ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2020	31-03-2021
ഡോ.ഹരീശ്വരൻ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2020	31-03-2021
ഡോ.കെ.ജി.അശോകൻ	വെറ്ററിനറി സർജ്ജൻ	01-04-2020	09-06-2020
ഡോ.ബിനോദ്	വെറ്ററിനറി സർജ്ജൻ	10-06-2020	31-03-2021
ശ്രീ.സുരേഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	13-01-2021
ശ്രീ.അനൂപ്	ഡയറി ഫാം ഇൻസ്ട്രക്ടർ	14-01-2021	31-03-2021
ശ്രീ.റോണി.എം.വൈ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	03-06-2020
ശ്രീമതി.പ്രീത.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	04-06-2020	31-03-2021

ശ്രീമതി.ശ്രീജ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	15-12-2020
ശ്രീമതി.കോമളവല്ലി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	16-12-2020	31-03-2021
ശ്രീ.വിനു ജാക്കോബ്	സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2020	30-11-2020
ശ്രീ.ഷിബു	സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-12-2020	31-03-2021
ശ്രീമതി.വനജ കുമാരി.സി.എസ്	ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, ചേലക്കര	01-04-2020	31-03-2021

..

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: P.G.Sadanandan (Audit Officer, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: Sunil.P.B (Asst. Audit Officer, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-2
3	സാമ്പത്തിക വിശകലനം Written By: Sunil.P.B (Asst. Audit Officer, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-3
4	ഫണ്ട് വിനിയോഗം Written By: Sunil.P.B (Asst. Audit Officer, On 20-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-4
5	പദ്ധതി അവലോകനം Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-5
6	തൊഴിലുറപ്പ് പദ്ധതി Written By: P.G.Sadanandan (Audit Officer, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-6
7	ക്ഷേമപെൻഷനുകൾ Written By: Sudha.E.N (Asst. Audit Officer, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-7
8	ക്യാഷ് ബാലൻസ് Written By: Sudha.E.N (Asst. Audit Officer, On 16-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-8
9	ആഭ്യന്തരനിയന്ത്രണം Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Jayan VS (Auditor, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 15-03-2022)	1-10
11	വാർഷിക കണക്കിലെ അപാകതകൾ Written By: Sunil.P.B (Asst. Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11
12	ശീർഷകം : 450250201 - Treasury Account - COVIDൽ ₹1,24,890/- നെഗറ്റീവ് ബാലൻസ് Written By: Sunil.P.B (Asst. Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-1
13	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ Written By: Sunil.P.B (Asst. Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-2
14	വസ്തു നികുതി Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 15-03-2022)	1-11-3
15	അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തുന്നില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-4

16	വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-5
17	വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-6
18	എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-7
19	ജേണൽബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല, ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സൂക്ഷിക്കുന്നില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-8
20	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-9
21	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-10
22	തൊഴിലുറപ്പ് പദ്ധതി Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-11
23	ചെക്ക് ബാങ്കിൽ നിക്ഷേപിച്ചിട്ട് കാലങ്ങളായിട്ടും ക്യാഷ് ചെയ്തിട്ടില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-12
24	Capital Work In Progress - തുകകൾ പൊരുത്തപ്പെടുന്നില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-13
25	വികസന ഫണ്ട് SCP, TSP ൽ നിന്നും ലൈഫ് ഭവനപദ്ധതി KURDFC ലോൺ തുക കുറവുചെയ്തത് ലോൺ അക്കൌണ്ടിൽ കണക്കിലെടുത്തിട്ടില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-11-14
26	വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ Written By: Jayan VS (Auditor, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-12
27	തൊഴിൽ നികുതി - അപാകതകൾ Written By: Swalih C.P (Auditor, On 17-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-13
28	വാടക അപാകതകൾ Written By: Jayan VS (Auditor, On 19-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-14
29	വസ്തു നികുതി - അപാകങ്ങൾ Written By: Swalih C.P (Auditor, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-15
30	വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല. Written By: Jayan VS (Auditor, On 19-09-2021)	1-16

	Last Updated By: P.G.Sadanandan (Audit Officer, On 15-03-2022)	
31	ലേലം - അപാകതകൾ. Written By: Jayan VS (Auditor, On 18-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-17
32	കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-18
33	28/21 നെൽകൃഷിയ്ക്ക് വിത്ത് കൂലി ചെലവ് വിതരണം - വികസന ഫണ്ട് (പൊ.സാ.വി.) Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-18-1
34	29/21 തെങ്ങ് കൃഷി വികസന പദ്ധതി - വികസന ഫണ്ട് (പൊ.സാ.വി.) Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-18-2
35	30/21 പച്ചക്കറി കൃഷിയ്ക്ക് വിത്ത് കൂലി ചെലവ് - വികസന ഫണ്ട് (പൊ.സാ.വി.) Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-18-3
36	115/21 ഫലവൃക്ഷ തൈകളുടെ വ്യാപനം - വികസന ഫണ്ട് (പൊ.സാ.വി.) Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-18-4
37	320/21 നെൽ കൃഷിയ്ക്ക് വിത്ത് കൂലിചെലവ് വിതരണം (സ്പിൽ ഓവർ) Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-18-5
38	വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-19
39	98/21 കാലിത്തീറ്റ സബ്സിഡി (വനിത) വികസന ഫണ്ട് (പൊ.സാ.വി) Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-19-1
40	185/21 കാലിത്തീറ്റ സബ്സിഡി (വനിത) വികസന ഫണ്ട് (പൊ.സാ.വി) സ്പിൽ ഓവർ Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-19-2
41	370/21 പശു വളർത്തൽ യൂണിറ്റ് കറവ പശു വികസന ഫണ്ട് (എസ്.സി.പി) Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-19-3
42	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-20
43	മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ Written By: Jayan VS (Auditor, On 16-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-21
44	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ Written By: Jayan VS (Auditor, On 16-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-22
45	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ബത്ത - ബ്ലോക്ക്, ജില്ലാപഞ്ചായത്ത്	1-23

	വിഹിതം ലഭ്യമായില്ല. Written By: Sudha.E.N (Asst. Audit Officer, On 17-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	
46	വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ Written By: Sudha.E.N (Asst. Audit Officer, On 17-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-24
47	അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ - പൊതു അപാകതകൾ Written By: P.G.Sadanandan (Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-25
48	മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല Written By: P.G.Sadanandan (Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-26
49	മരാമത്ത് പ്രവൃത്തിയുടെ എഗ്രിമെന്റ് ചമക്കുന്നതിന് കുറഞ്ഞ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറുകൾ ഉപയോഗിച്ചു Written By: P.G.Sadanandan (Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-27
50	ഭൂജലവകുപ്പ് ഡെപ്പോസിറ്റ് വർക്ക് - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല Written By: P.G.Sadanandan (Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-28
51	ടെന്റർ ഫോറം വില ഇനത്തിൽ ലഭ്യമായ തുക തനതു ഫണ്ടിൽ അടവാക്കിയിട്ടില്ല Written By: P.G.Sadanandan (Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-29
52	റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു. Written By: P.G.Sadanandan (Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-30
53	പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്. Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-31
54	തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്. Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-32
55	അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം - വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-33
56	വികസന ഫണ്ട് SCP, TSP ൽ നിന്നും ലൈഫ് ഭവനപദ്ധതി KURDFC ലോൺ തുക കുറവുചെയ്തത് Written By: Sunil.P.B (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-34
57	ആശ്രയ - അഗതി രഹിത പദ്ധതി, സ്നേഹിത - അവശ ജനപരിപാലനം എന്നീ പദ്ധതികളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല - തുക	1-35

	തടസ്സത്തിൽ വയ്ക്കുന്നു Written By: Vidya Vikraman (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	
58	വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം - രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 400000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു Written By: Vidya Vikraman (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-36
59	ബാല പഞ്ചായത്ത് - ബാലസഭ പ്രവർത്തനം - കൃത്യമായ ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു Written By: Vidya Vikraman (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-37
60	എസ്.ടി വീടുകൾക്ക് വാട്ടർടാങ്ക് നൽകൽ - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തടസ്സത്തിൽ വയ്ക്കുന്നു Written By: Vidya Vikraman (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-38
61	CFLTC സജ്ജീകരണം അനുബന്ധ പ്രവർത്തനങ്ങൾ - വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന തുക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. Written By: Sunil.P.B (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-39
62	സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - ഉത്തരവ് പാലിക്കേണ്ടതാണ്. Written By: Sudha.E.N (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-40
63	കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ് - രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല Written By: Vidya Vikraman (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	1-41
64	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - ഭാഗികമായി മാത്രം രേഖകൾ ലഭ്യമാക്കിയിട്ടുള്ളു Written By: Vidya Vikraman (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 08-03-2022)	1-42
65	വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല Written By: Vidya Vikraman (Asst. Audit Officer, On 22-09-2021) Last Updated By: P.G.Sadanandan (Audit Officer, On 08-03-2022)	1-43
66	തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ Written By: Sudha.E.N (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 14-03-2022)	1-44
67	സിംഗിൾ ടെണ്ടർ - നടപടികളിലെ അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം Written By: P.G.Sadanandan (Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 14-03-2022)	1-45
68	വാഹനപരിപാലനം - ഇന്ധന ക്ഷമത പരിശോധന നടത്തിയിട്ടില്ല Written By: Sudha.E.N (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 08-03-2022)	1-46
69	സ്ഥാപന സോഫ്റ്റ് വെയറിലെ അപാകതകൾ Written By: Sudha.E.N (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 08-03-2022)	1-47
70	മഴക്കാല പൂർവ്വ ശുചീകരണം മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് Written By: Sunil.P.B (Asst. Audit Officer, On 26-02-2022) Last Updated By: Sunil.P.B (Asst. Audit Officer, On 26-02-2022)	1-48
ഭാഗം **2**		

1	ചേലക്കര ജി.എൽ.പി.എസ് കെട്ടിടം ലേലം നടത്തിയതിൽ അപാകത - 22,000/- രൂപ നഷ്ടം. Written By: Jayan VS (Auditor, On 24-09-2021) Last Updated By: P.G.Sadanandan (Audit Officer, On 14-03-2022)	2-1
	ഭാഗം **3**	
1	മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല Written By: P.G.Sadanandan (Audit Officer, On 21-09-2021) Last Updated By: P.G.Sadanandan (Audit Officer, On 14-03-2022)	3-1
2	കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ് - രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല Written By: Vidya Vikraman (Asst. Audit Officer, On 23-09-2021) Last Updated By: P.G.Sadanandan (Audit Officer, On 14-03-2022)	3-2
	ഭാഗം **4**	
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Sunil.P.B (Asst. Audit Officer, On 19-09-2021) Last Updated By: P.G.Sadanandan (Audit Officer, On 08-03-2022)	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ Written By: Sunil.P.B (Asst. Audit Officer, On 19-09-2021) Last Updated By: P.G.Sadanandan (Audit Officer, On 08-03-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: Swalih C.P (Auditor, On 24-02-2022)	4-3
4	വായ്പ/വായ്പ തിരിച്ചടവ് Written By: Sunil.P.B (Asst. Audit Officer, On 20-09-2021) Last Updated By: Swalih C.P (Auditor, On 24-02-2022)	4-4
5	സ്ഥിര നിക്ഷേപം Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: Swalih C.P (Auditor, On 24-02-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: P.G.Sadanandan (Audit Officer, On 08-03-2022)	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: Swalih C.P (Auditor, On 24-02-2022)	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: Swalih C.P (Auditor, On 24-02-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: P.G.Sadanandan (Audit Officer, On 11-03-2022)	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം Written By: P.G.Sadanandan (Audit Officer, On 20-09-2021) Last Updated By: P.G.Sadanandan (Audit Officer, On 15-03-2022)	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

	ബജറ്റ് പ്രകാരമുള്ള സംഖ്യ	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ
വരവ്	434091380	359970263
ചെലവ്	363410373	358730737

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 23.03.2020 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 18.02.2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2021	14-06-2021

1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

-	തുക (രൂപ)
മുന്നിരിപ്പ്	41885401
ഓഡിറ്റ് വർഷത്തെ വരവ്	154808188
ആകെ	196693589
ഓഡിറ്റ് വർഷത്തെ ചെലവ്	160387189
നീക്കിയിരിപ്പ്	36306400

1-4 ഫണ്ട് വിനിയോഗം

ക്രമ നമ്പർ	ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക
1	വികസനഫണ്ട് (ജനറൽ)	ഇല്ല	24437506	24437506	21699964	2737542
2	വികസനഫണ്ട് (എസ്.സി.പി)	ഇല്ല	15747876	15747876	15193790	554086
3	വികസനഫണ്ട് (ടി.എസ്.പി)	ഇല്ല	190373	190373	160714	29659
4	ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	ഇല്ല	10470000	10470000	7675855	2794145
5	ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied)	ഇല്ല	21092683	21092683	14554805	6537878
6	മെയിന്റനൻസ് ഗ്രാന്റ് റോഡ്	ഇല്ല	19737000	19737000	19727477	9523
7	മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	ഇല്ല	7478587	7478587	7478587	0
8	കേന്ദ്രാവിഷ്കൃത പദ്ധതികൾ തൊഴിലുറപ്പ് പദ്ധതി (ഭരണ ചെലവ്)	ഇല്ല	1675973	1675973	1654722	21251
9	സമ്പൂർണ്ണ ശുചിത്വം	1114386	0	1114386	798619	315767
10	ശുചിത്വമിഷൻ ഗ്രാന്റ്	189176	4159476	4348652	947583	3401069
11	ഐ.സി.ഡി.എസ്	4932103	2279901	7212004	2959765	4252239

12	ബേട്ടി ബചാവോ ബേട്ടി പഠാവോ	10000	0	10000	0	10000
13	മൃഗസംരക്ഷണം	8,00,000	0	8,00,000	0	8,00,000
14	MLA ഫണ്ട്	19617	-	19617	-	19617

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ	അടങ്കൽ	നടപ്പിലാക്കിയത്	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
377	217357842	305	139628138	72	0	80.9%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	0	1675973	1675973	1654722	21251
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	55354697	55354697	55354697	ഇല്ല

1-7 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	ഇല്ല	ഇല്ല
കർഷകതൊഴിലാളി പെൻഷൻ	1,32,21,100	887
വിധവാ പെൻഷൻ	3,47,26,100	2206
വാർദ്ധക്യകാലപെൻഷൻ	4,55,34,800	3323
വികലാംഗപെൻഷൻ	74,32,000	494
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	44,35,400	291
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	3,30,000	11

1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46,663/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൌണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	21.10.2019 – 30.10.2019	2018 -19	10.02.2020
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	25.10.2017 – 14.11.2017	2016-17	05.09.2018

1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-1 ശീർഷകം : 450250201 - Treasury Account - COVIDൽ ₹1,24,890/- നെഗറ്റീവ് ബാലൻസ്

2020-21 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17, ബാങ്ക് ബാലൻസ് ശീർഷകത്തിൽ കാണിച്ചിരിക്കുന്ന ശീർഷകം : 450250201 - Treasury Account – COVIDൽ ₹1,24,890/- നെഗറ്റീവ് ബാലൻസ് (ക്രെഡിറ്റ് ബാലൻസ്) ആയി രേഖപ്പെടുത്തിയിരിക്കുന്നു. ജീവനക്കാരുടെ 2020 മെയ് മാസത്തെ മാറ്റിവെയ്ക്കപ്പെട്ട ശമ്പളം അടവാക്കുന്നതിനായി ട്രഷറിയിൽ സൂക്ഷിച്ചുവന്നിരുന്ന ടി.എസ്.ബി. അക്കൌണ്ടാണിത്. പ്രസ്തുത അക്കൌണ്ടിൽ 2020 മെയ് മാസത്തെ മാറ്റിവെയ്ക്കപ്പെട്ട ശമ്പളമായ ₹1,24,890/- അടവാക്കിയത് ഇരട്ടിപ്പായി രേഖപ്പെടുത്തി ട്രഷറി അക്കൌണ്ടിൽ തെറ്റായി വരവുവെയ്ക്കുകയും, ആയത് 31.03.21 ന് സർക്കാർ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും (Redemption) ചെയ്തതിനാലാണ് നെഗറ്റീവ് ബാലൻസ് (ക്രെഡിറ്റ് ബാലൻസ്) രേഖപ്പെടുത്തിയത് എന്ന വിശദീകരണമാണ് നല്കിയത്. അക്കൌണ്ടിലെ അപാകതകൾ ട്രഷറിയുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) .

1-11-3 വസ്തു നികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1-11-3-1 തൻവർഷം

1-11-3-1-1 റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	3434580	3027273	42020	382698
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3434580	2997563	55987	383076

1-11-3-1-2 നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	3737364	3225363	33390	49943
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3737364	3225363	16009	500637

1-11-3-2 കുടിശ്ശിക

1-11-3-2-1 റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	513529	288460	225594
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	506986	288460	226092

1-11-3-2-2 നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	679855	463951	222197

വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	669855	463951	223720

1-11-3-3 ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻവർഷം	കുടിശ്ശിക	ആകെ	തൻവർഷം	കുടിശ്ശിക	ആകെ			തൻവർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	റെസിഡൻഷ്യൽ	174842	27001	201843	153641	14674	168315	2273		19532	11803	32037
	നോൺ-റെസിഡൻഷ്യൽ	191684	37926	229610	162007	23316	185323	1692		12709	26238	39644
	ആകെ			431453			353638	3965		32241	38041	71681
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		464073			353638			-	353638	70282		

1-11-3-4 "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-11-3-5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ. നം	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	1068905	1093463
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	219671	253456

1-11-3-6 1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 229 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട് (New Building Register പ്രകാരം). എന്നാൽ 2020-21 ലെ "110100101-Property Tax On Residential Building" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-11-4 അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തുന്നില്ല

2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 1-11-3-6 ൽ ചേർത്തിട്ടുണ്ട്)

ക്രമ. നം	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൌച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ)	130100101-Rent From Building	1939634	01.01.20	42000274

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-11-5 വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

1-11-5-1

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

1-11-5-2

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക	റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം	രജിസ്റ്റർ പ്രകാരം കളക്ഷൻ
150100105 Sale Of Fish Farm	511500	511500	517000
150100110 Sale Of Timber	139700	139700	149700
150120101 Sale Of Stores	96390	96390	രജിസ്റ്ററിൽ DCB ഇല്ല
150120103 Sale Of Scrap	153387	153387	രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല
150120105 Sale Of Empties And Waste Materials	216364	216364	രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

1-11-6 വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-11-7 എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18)	31/03/21ലെ ലെഡ്ജർ ബാക്കി
280100101-Prior Period Income -Property Tax On Residential Buildings	(-)40815
280100104-Prior Period Income-Property Tax On Non Residential Buildings	(-) 21966
280100102-Prior Period Income- Profession Tax- Institutions/Professionals/Traders	(-)2450
280100401-Prior Period Income-other Income	(-)66310
280100402-Prior Period Income-Recovery Of Unutilized Grants	(-)15000
280800101-Prior Period - Establishment Expenses	(-)12388
280800701- Prior Period -Miscellaneous Expenses	(-)1411608

1-11-8 ജേണൽബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല, ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-11-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-11-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)5579001/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3070049 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-11-11 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 (ശീർഷകം : 160100601) പ്രകാരമുള്ള വരവ് : ₹5,53,54,697 എന്നതാണ് എന്നാൽ ₹5,92,05,727 എന്നതാണ് വരവായി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(a) (ശീർഷകം : 251300801 Total Poverty Alleviation Programs – General) പ്രകാരമുള്ള ചെലവ് : ₹5,53,54,697 എന്നതാണ്; എന്നാൽ ₹5,85,62,286 എന്നതാണ് ചെലവായി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പൊരുത്തക്കേടുക്കൾക്കുള്ള കാരണം അറിയിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ

വരുമാനവും റവന്യൂ ചെലവും ₹5,53,54,697 എന്നതാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 66,10,742 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ ₹66,10,742 കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ ₹66,10,742 ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

1-11-12 ചെക്ക് ബാങ്കിൽ നിക്ഷേപിച്ചിട്ട് കാലങ്ങളായിട്ടും ക്യാഷ് ചെയ്തിട്ടില്ല

തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് അക്കൌണ്ട് നം. 10708000571 ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 5000 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ചെക്ക് ബാങ്കിൽ നിക്ഷേപിച്ചിട്ട് കാലങ്ങളായിട്ടും ക്യാഷ് ചെയ്തിട്ടില്ലാത്തതാണ്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-11-13 Capital Work In Progress - തുകകൾ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 45,99,365 രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2059964 രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

1-11-14 വികസന ഫണ്ട് SCP, TSP ൽ നിന്നും ലൈഫ് ഭവനപദ്ധതി KURDFC ലോൺ തുക കുറവുചെയ്തത് ലോൺ അക്കൌണ്ടിൽ കണക്കിലെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ട് SCP, TSP എന്നിവയിൽ നിന്നും ആകെ 2,04,784 രൂപ 2020-21 വർഷങ്ങളിൽ താഴെ പറയും പ്രകാരം ലൈഫ് മിഷൻ പദ്ധതിയ്ക്കായി KURDFC യിൽ നിന്നും എടുത്ത വായ്പ തുകയുടെ തിരിച്ചടവായി തുക ഉറവിടത്തിൽ നിന്നും കുറവുചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത തുക ലോൺ അക്കൌണ്ടിൽ കണക്കിലെടുത്തിട്ടില്ലാത്തതാണ്.

ക്രമ നം	വിവരണം	സർക്കാർ ഉത്തരവ് നം. തിയതി	എസ്.സി.പി.യിൽ നിന്നും കുറവു ചെയ്ത തുക	ടി.എസ്.പി.യിൽ നിന്നും കുറവു ചെയ്ത തുക
1	2020-21 വികസന ഫണ്ട് 2-ാം ഗഡു	G.O.(Rt)4461/2020/Fin Dated: 03-08-20	95,079	7314
2	2020-21 വികസന ഫണ്ട് 3-ാം ഗഡു	G.O.(Rt)43/2020/Fin Dated: 01.01.21	95,078	7313

1-12 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം. 80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017 /തസ്വഭവ, തീ. 03.04.2017 മാർഗ്ഗരേഖയിലെ ഖ. 6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതാത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

2) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

3) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടില്ല.

4) ജീവോദയ ആശ്രുപത്രി സമർപ്പിച്ച അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രത്തിൽ മൂലധന നിക്ഷേപം 3.11 കോടി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം

10,000/- രൂപയാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ 4,000/- രൂപ മാത്രമാണ് ഫീസ് ഈടാക്കിയത്. ഓഡിറ്റ് അന്വേഷണം (നം. 15/12.09.2021) നൽകിയതിനെ തുടർന്ന് രശീതി നം. 12102050011/17.09.2021 പ്രകാരം 2019-20, 2020-21 വർഷങ്ങളിലേക്കായി 12,000/- രൂപ അടവാക്കുകയാണുണ്ടായത്. അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

5) പഞ്ചായത്ത് പരിധിയിൽ 7 കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നതായാണ് ഓഡിറ്റ് അന്വേഷണം നം. 15/12.09.2021 നുള്ള മറുപടിയായി അറിയിച്ചിട്ടുള്ളത്. അവയൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. അതുപോലെ തന്നെ പഞ്ചായത്ത് കെട്ടിടത്തിലെ മുറികൾ വാടകക്കെടുത്തവർ ലൈസൻസ് എടുത്തതിന്റെ വിവരം ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുകയുണ്ടായില്ല. എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6) ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ് ക്രഷറിന് മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന Form D, Form G എന്നീ ലൈസൻസുകളുടെ കാലാവധി 25.04.2020 വരെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രത്തിന്റെ കാലാവധി 02.07.2020 വരെയും മാത്രമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് 25.04.2020 വരെ മാത്രമാണ് നൽകിയിട്ടുള്ളത്. പുതുക്കിയ Form D, Form G ലൈസൻസുകൾ ഹാജരാക്കിയിട്ടില്ല.

മംഗലത്ത് ഗ്രാനൈറ്റ്സ്, ക്രഷറിന് മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന Form D, Form G എന്നീ ലൈസൻസുകളുടെ കാലാവധി 16.05.2020 വരെ മാത്രമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് 16.05.2020 വരെ മാത്രമാണ് നൽകിയിട്ടുള്ളത്. പുതുക്കിയ Form D, Form G ലൈസൻസുകൾ ഹാജരാക്കിയിട്ടില്ല.

അനുവദിച്ച കാലാവധിക്ക് ശേഷം സ്ഥാപനം പ്രവർത്തനം നടത്തുന്നില്ല എന്നും ഇത് സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട് എന്നും ലൈസൻസ് കാലാവധി അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടില്ല എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് കാലാവധി അവസാനിക്കുമ്പോൾ നോട്ടീസ് നൽകേണ്ടതും ഇവ ലൈസൻസില്ലാതെ തുടർന്ന് പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7) തൃശ്ശൂർ ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ ക്ലിയറൻസ് നം. B1/7683/2017/DEIAA/TSR, Dtd 18.06.2018 പ്രകാരം വെങ്ങാനെല്ലൂർ വില്ലേജ് സർവ്വേ നമ്പർ 53/2 ലുള്ള G. K. Stone Granite എന്ന ക്വാറി, നാല് ലക്ഷം രൂപ പ്രതിവർഷം CSR പ്രവർത്തനം നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വെങ്ങാനെല്ലൂർ വില്ലേജ്, സർവ്വേ നം. 43/2, 43/3 ൽ പ്രവർത്തിക്കുന്ന ഒയാസീസ് ഡെയ്ൽ അഗ്രിഗേറ്റ് പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിക്ക് ക്ലിയറൻസ് നൽകിയ തൃശ്ശൂർ ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ ക്ലിയറൻസ് നം. 2/2016/DEIAA, Dtd 31.05.2017 പ്രകാരം PFR Chapter 6 ൽ പറയുന്ന 2,65,000/- രൂപയുടെ ആവർത്തന സ്വഭാവമുള്ളതും 4,86,000/- രൂപയുടെ ആവർത്തനേതരമായതുമായ CSR പ്രവർത്തനങ്ങൾ നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ 10.10.2017 തീയതിയിലെ നടപടിക്രമം നം. 1062/SEIAA/EC1/1639/16, ക്ലിയറൻസ് നം.71/2017 പ്രകാരം വെങ്ങാനെല്ലൂർ വില്ലേജ്, സർവ്വേ നം. 39/1, 39/2 (വാർഡ് 3) ൽ പ്രവർത്തനാനുമതി നൽകിയ ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ് എന്ന ക്വാറി, അഞ്ച് ലക്ഷം രൂപയുടെ CSR പ്രവർത്തനം നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലൈസൻസ് നം. 473/2020-21 പ്രകാരം 11.02.2021 മുതൽ 31.03.2021 വരെ ലൈസൻസ് നൽകിയിട്ടുണ്ട്.

മൂന്ന് സ്ഥാപനങ്ങളും CSR പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി G. K. Stone Granites, ഒയാസീസ് ഡെയ്ൽ അഗ്രിഗേറ്റ് പ്രൊഡക്ട്സ് എന്നീ സ്ഥാപനങ്ങൾ CSR പ്രവർത്തനം നടത്തിയിട്ടുണ്ട് എന്നും ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ് പ്രവർത്തിക്കുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനും, ആയത് ഉറപ്പ് വരുത്തുന്നതിനും, മോണിറ്റർ ചെയ്യുന്നതിനും, രേഖപ്പെടുത്തി വയ്ക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തി പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിച്ച നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കാനുതകുന്ന ഒരു സംവിധാനം പഞ്ചായത്തിനുണ്ടാകേണ്ടതാണ്. അതോടൊപ്പം CSR പ്രവർത്തനങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും ഇവ ഏകോപിപ്പിച്ച് മേൽനോട്ടം വഹിക്കുന്നതിനും സംവിധാനം ഒരുക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (I) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 I(i) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.10.16 ലെ R11549/16(1) നമ്പർ കത്ത് പ്രകാരം കള്ള് ഷാപ്പുകളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ

നികുതി എന്നിവ ഈടാക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 17.10.16 ന് ചേർന്ന പഞ്ചായത്ത് കൗൺസിൽ യോഗത്തിലെ 340(11)/16 നമ്പർ തീരുമാനം എടുത്തിരുന്നു. ഇത് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ വകുപ്പ് 204 പ്രകാരം തൊഴിൽനികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-14 വാടക അപാകതകൾ

വാടക സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിൽ 80 മുറികളിലായി 75 വാടകക്കാരുള്ളതായാണ് കാണുന്നത്. എന്നാൽ ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 23/15.09.2021) നിലവിൽ 72 മുറികളുള്ളതായാണ് മറുപടി നൽകിയിട്ടുള്ളത്. ഏതൊക്കെ കെട്ടിടങ്ങളിലായി എത്ര മുറികളാണ് പഞ്ചായത്തിന് കീഴിലുള്ളതെന്ന് കൃത്യമായ കണക്കെടുത്ത് രേഖപ്പെടുത്തി വയ്ക്കേണ്ടതും ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

3) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും വികലാംഗർക്കും സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5) വാടകയിനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ തൻവർഷം 4,47,370/- രൂപയും കുടിശ്ശികയിനത്തിൽ 1,22,967/- രൂപയും ലഭിക്കുവാനുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ തൻവർഷം 6,43,014/- രൂപയും കുടിശ്ശികയിനത്തിൽ 3,57,213/- രൂപയും ലഭിക്കുവാനുണ്ട്. അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നൽകേണ്ട വാടക ഒഴിവ് നൽകി കുടിശ്ശിക തുകയുടെ വിവരം കൃത്യമാക്കേണ്ടതാണ്.

6) 2019-20 വർഷം 67 പേരും 2020-21 വർഷം 46 പേരും മാത്രമാണ് ഗ്രാമപഞ്ചായത്തുമായി വാടക കരാറിലേർപ്പെട്ടിട്ടുള്ളത്. കരാറിൽ വാടക നിരക്ക് രേഖപ്പെടുത്താതെയാണ് ഒപ്പ് വച്ചിട്ടുള്ളത്.

7) 2019-20, 2020-21 വർഷങ്ങളിൽ തുടർച്ചയായി വാടക അടവാക്കാത്ത ഒട്ടനവധിയാളുകളുള്ളതായി രജിസ്റ്ററിൽ കാണുന്നു. ചിലയാളുകളുടെ വിവരം താഴെ ചേർക്കുന്നു.

I) തലപ്പിള്ളി താലൂക്ക് ഹയർ പർച്ചേസ് സഹകരണ സംഘം – I/10, 11

II) കെ. പ്രശാന്ത്, കുറ്റിക്കാട്ട് കോളനി, തോന്നൂർക്കര – I/50B

III) ജയപ്രകാശ്. കെ. കെ, കുഴിപ്പറമ്പിൽ വീട്, കിള്ളിമംഗലം – I/580N

IV) ശശീന്ദ്രൻ, ഓട്ടുപാറയ്ക്കൽ വീട്, ചേലക്കര – I/1056E

V) മാനേജർ, മിൽമ ഡയറി ERCMPU – I/1056F

VI) സി. വി. സുന്ദരൻ, ചാവതക്കാട്ടിൽ വീട്, കിള്ളിമംഗലം – I/50C

VII) കെ. ആർ. ഉമ്മർ, കല്ലാഴിതൊടി വീട്, ആറ്റൂർ – I/215

VIII) എ. ടി. കാദർഹാജി, അന്നാർതൊടി വീട് – I/213

IX) സി. കെ. ബിനു, ചെറുവത്തൂർ വീട്, ചേലക്കര – I/216

X) ടി. വി. ഹുസൈൻ, തോന്നൂർതൊടിയിൽ – I/218

XI) യൂസഫ്, ചിണ്ടിവീട്ടിൽ വീട്, പത്തുക്കുടി – I/222

XII) അജി. എം. സി, മുട്ടത്തുപുത്തൻപുരയിൽ വീട്, കോളത്തൂർ, ചേലക്കര – I/227

XIII) സുനീർ, പത്തുക്കുടിയിൽ വീട്, ചേലക്കര – I/228

XIV) എം. ഒ. ചാക്കപ്പൻ, മുട്ടത്തുപുത്തൻപുരയിൽ വീട്, കോളത്തൂർ, ചേലക്കര – I/229

XV) പി. സി. രമേഷ്, പല്ലിശ്ശേരി വീട്, തോന്നൂർക്കര – I/234

XVI) സുബ്രമണ്യൻ. സി. ആർ, ചവതപ്പറമ്പിൽ വീട്, വെങ്ങാനെല്ലൂർ – I/237A

ഇവരിൽ നിന്നും കുടിശ്ശിക വരുത്തിയിട്ടുള്ള മറ്റുള്ളവരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനും നിയമപരമായി മുറി ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-15 വസ്തു നികുതി - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്കാണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്നു പരിഹരിച്ചു പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1) സ.ഉ(കൈ)നം. 106/17/തസ്വഭവ തീ. 26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. പഞ്ചായത്തിലെ വിമുക്ത ഭടന്മാരുടെ നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നം	വാർഡ്/കെട്ടിട.നം	പേര് /വിലാസം	റദ്ദാക്കിയ സാംഖ്യ രസീത് നം/തീ	കാലയളവ്	തുക
1	4/295	ഡേവിസ്, വടക്കുട്ട്, ചേലക്കോട്.	120020102887/6.11.2020	2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ	1152/- (സഞ്ചയ പ്രകാരം) 1217/- (റദ്ദാക്കിയ സാംഖ്യ രസീതു പ്രകാരം)

3) 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2) (ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

ക്രമ നം.	കെട്ടിട നമ്പർ	കെട്ടിട ഉടമ	ഫയൽ നം/അപേക്ഷ തീയതി	ഒഴിവാക്കിയ കാലയളവ്
1	21/629, 634, 635, 637-641, 649-651	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/11792 14.3.2020	1.10.2019-31.3.2020
2	21/291, 294, 295, 298, 299	വർഗീസ്, നെയ്യാൻ ഹൗസ്	A6/9104 14.3.2020	1.10.2019-31.3.2020
3	21/293	വർഗീസ്, നെയ്യാൻ ഹൗസ്	A6/2636 4.8.2020	1.4.2020-30.9.2020
4	21/291, 294, 298, 299	വർഗീസ്, നെയ്യാൻ ഹൗസ്	A6/2636 4.8.2020	1.4.2020-30.9.2020
5	20/34 A, C, E, F, G, G1, H, H1, I	കൊച്ചു ബാബു പുത്തൻ വീട്ടിൽ	A6/6652/2020 18.9.2020	1.4.2020-30.9.2020
6	21/534-639	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5371 11.8.2020	1.4.2020-30.9.2020
7	21/640	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5371 26.2.2021	1.4.2020-30.9.2020
8	21/641, 648, 652	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5371 15.3.2021	1.4.2020-30.9.2020
9	21/650	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5361 15.3.2021	1.4.2020-30.9.2020
10	21/651	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5695 23.3.2021	1.4.2020-30.9.2020
11	21/766 A	ഷിജി പോൾ, ഇടയനാൽ	A6/2629 4.8.2020	1.4.2020-30.9.2020
12	21/1189	കെ പി സുധ, കഴുങ്ങിൽ പടിഞ്ഞാറേതിൽ	A6/4747 4.8.2020	1.4.2020-30.9.2020
13	21/754	കുട്ടി നാരായണൻ, മൊടവയ്ക്കൽ	A6/4759 4.8.2020	1.4.2020-30.9.2020
14	21/755,756	കുട്ടി നാരായണൻ, അനില മഹൽ	A6/5695 31.3.2021	1.4.2020-30.9.2020

15	21/1241-1244, 1246, 1247	മാധവികുട്ടി അമ്മ, നോട്ടംകണ്ടത്തു	A6/4229 11.8.2020	1.4.2020-30.9.2020
16	21/1245	മാധവികുട്ടി അമ്മ, നോട്ടംകണ്ടത്തു	A6/4229 18.2.2021	1.4.2020-30.9.2020
17	22/640	അറുമുഖൻ, വർണ നിവാസ്	A6/2987 4.8.2020	1.4.2020-30.9.2020
18	22/465	ജോസ്	A6/5059 11.8.2020	1.4.2020-30.9.2020
19	21/448	രമേശ് രാജ്, അങ്ങാടിയിൽ ഹൗസ്	A6/5371 15.3.2021	1.4.2020-30.9.2020
20	21/143	ഡോ. വി ടി കുര്യൻ	A6/2669 4.8.2020	1.4.2020-30.9.2020
21	21/634-641	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5371 20.3.2021	1.10.2020-31.3.2021
22	21/648, 649, 651	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5371 22.3.2021	1.10.2020-31.3.2021
23	21/650, 652	അബ്ദുൽ റഹിമാൻ, കിഴക്കേപ്പാട്ടുതൊടിയിൽ	A6/5371 15.3.2021	1.10.2020-31.3.2021
24	21/1241	മാധവികുട്ടി അമ്മ, നോട്ടംകണ്ടത്തു	A6/1241 22.3.2021	1.10.2020-31.3.2021
25	21/291, 293, 294, 298, 299	വർഗീസ്, നെയ്യാൻ ഹൗസ്	A6/2632 18.3.2021	1.10.2020-31.3.2021

4) ഗ്രാമപഞ്ചായത്തിലെ 4, 5, 6, 13, 14 എന്നീ വാർഡുകളിൽ നിന്നും വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2020-21 വർഷത്തെ ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗ ക്രമം രേഖപ്പെടുത്തി ആയതിനനുസരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിരിക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	ലൈസൻസ് രജിസ്റ്റർ നമ്പർ	സ്ഥാപനം	സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമവും അടിസ്ഥാന നിരക്കും	യഥാർത്ഥ ഉപയോഗ ക്രമവും അടിസ്ഥാന നിരക്കും
1	5/422	3	വിജയ ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്	വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് / 10 രൂപ	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ / 50 രൂപ
2	4/516 A	9	മനക്കടവത്തു സോ മിൽ	വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് / 10 രൂപ	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ / 50 രൂപ
3	14/365,367	38	ജോയ് ഇൻഡസ്ട്രീസ് & സോ മിൽ	വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് / 10 രൂപ	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ / 50 രൂപ
4	14/367	39	കാർവ് ടെക് കട്ടിങ് ആൻഡ് ഡിസൈനിംഗ്	വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് / 10 രൂപ	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ / 50 രൂപ
5	6/454 C	229	ബിനോജ് ഇൻഡസ്ട്രീസ്	വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് / 10 രൂപ	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ / 50 രൂപ
6	13/184 C	272	കൃഷ്ണ ഹോളോ ബ്രിക്സ്	വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് / 10 രൂപ	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ / 50 രൂപ

മേൽക്കാണിച്ച കെട്ടിടങ്ങൾക്ക് ഉപയോഗത്തിനനുസൃതമായി നികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5) ഗ്രാമപഞ്ചായത്തിലെ 14, 16 എന്നീ വാർഡുകളിൽ നിന്നും നിന്ന് വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2020-21 വർഷത്തെ ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ

സഞ്ചയയിൽ കാണുന്നില്ല.

ക്രമ നം.	സ്ഥാപനം/ ഉടമ	ലൈസൻസ് രജിസ്റ്റർ ക്രമ നം.	കെട്ടിട നമ്പർ
1	റബ്ബർ പ്ലാന്റ്	40	16/567
2	പി ജി സ്റ്റേഷനറി	271	14/123
3	ശങ്കർ ഹോട്ടൽ	272	14/123

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

6) സഞ്ചയ പ്രകാരം 13/ 92 എന്ന കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 80% ഇളവ് നൽകിയിട്ടുണ്ട്. അടിസ്ഥാന വസ്തു നികുതിയുടെ 75% മാത്രമേ പരമാവധി നിയമപ്രകാരം നൽകാൻ സാധിക്കുകയുള്ളൂ. ക്രമപ്രകാരമല്ലാതെ കൂടുതൽ ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7) 2019-20 സാമ്പത്തിക വർഷത്തിലെ അനധികൃത കെട്ടിട നിർമാണ രജിസ്റ്റർ ക്രമ നമ്പർ 11 കെട്ടിട നമ്പർ 10/348 E എന്ന കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. കൂടാതെ സഞ്ചയയിൽ അനധികൃത കെട്ടിട രജിസ്റ്റർ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ കാര്യങ്ങൾക്ക് വിശദീകരണം നല്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/17.9.2021) മറുപടി ലഭ്യമാക്കിയില്ല. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-16 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 ൽ വിവിധ വരവിനങ്ങളിലായി 2014-15 വർഷം മുതൽ കുടിശ്ശികയുള്ളതായും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(2), (3) എന്നിവ പ്രകാരം കുടിശ്ശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ തുക അവശേഷിക്കുന്നുണ്ട്.

2020-21 വാർഷിക കണക്ക് പ്രകാരമുള്ള കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

ഇനം	തുക	കുറിപ്പ്
തൊഴിൽ നികുതി (ട്രേഡേഴ്സ്)	18,170	2015-16 വർഷം കുടിശ്ശികയുള്ളത്
വാടക	3,57,213	
കംഫർട്ട് സ്റ്റേഷൻ	35,500	27,500/- രൂപ 2016-17 വർഷം കുടിശ്ശികയുള്ളത്. 8,000/- രൂപ 2019-20 വർഷം കുടിശ്ശികയായത്.
ബസ് സ്റ്റാൻഡ്	1,26,850	2015-16, 2016-17 വർഷങ്ങളിൽ കുടിശ്ശികയുള്ളത്.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതും ഇപ്പോഴും കുടിശ്ശികയായി തുടരുന്നതുമായ ഇനങ്ങളിലെ തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം വർഷം തിരിച്ച് വിശദമായി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/17.09.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്ത പക്ഷം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ മേൽ നിയമത്തിലെ 1-ാം ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ച മൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക പന്ത്രണ്ട് ശതമാനം പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

1-17 ലേലം - അപാകതകൾ.

2020-21 വർഷത്തെ ലേലം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) 2020-21 വർഷം Sale Of Stores എന്ന ഇനത്തിൽ 96,390/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കിയിട്ടില്ല. ലെഡ്ജർ മാത്രമാണ് ഹാജരാക്കിയത്. ആയതിനാൽ ഇത് സംബന്ധിച്ച വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) Sale Of Fish Farm എന്ന ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 5,11,500/- രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്. എന്നാൽ രജിസ്റ്റർ പ്രകാരം 5,17,000/- രൂപയാണ് വരവുള്ളത്. ഡെപ്പോസിറ്റ് ആയി ലഭിച്ച തുക ഈ ഇനത്തിലേക്ക് വരവ് കാണിച്ചിട്ടില്ല.

3) Sale Of Timber എന്ന ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 1,39,700/- രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്. രജിസ്റ്റർ പ്രകാരം 1,49,700/- രൂപയാണ് വരവുള്ളത്. ഡെപ്പോസിറ്റ് തുക ഈ ഇനത്തിലും വരവ് ആയി രേഖപ്പെടുത്തിയിട്ടില്ല.

4) 2020-21 വർഷം മത്സ്യ കളം ലേലം നടന്നതിന്റെ തുക അടവാക്കിയപ്പോൾ ജി.എസ്.ടി, സെസ്സ് എന്നിവ ഈടാക്കിയിട്ടില്ല.

5) ചേലക്കര ജി.എൽ.പി.എസ് കെട്ടിടം ലേലം അപാകതകൾ.
പഴയന്നൂർ LSGD Sub-Division അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 09.01.2020 തീയതിയിലെ D1/G/19-20 കത്ത് പ്രകാരം 1,31,700/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. 17.02.2020 തീയതിയിൽ വാല്യുവേഷൻ തുകയ്ക്ക് ആരും ലേലം എടുക്കുവാൻ തയ്യാറായില്ല, അതിനെ തുടർന്ന് പുനർലേലം നടന്ന 29.05.2020 തീയതിയിൽ 1,24,785/- രൂപയ്ക്ക് ക്വട്ടേഷൻ ലഭിക്കുകയും ക്വട്ടേഷൻ സമർപ്പിച്ചയാൾ കരാർ വയ്ക്കുകയോ തുക അടവാക്കുകയോ ചെയ്യാതിരുന്നതിനാൽ 11.06.2020 തീയതിയിൽ 87,000/- രൂപയ്ക്ക് സി.പി.പോൾ, ചിറമ്മേൽ വീട്, ചേറ്റുപുഴ എന്നയാൾ ലേലം കൊള്ളുകയുമാണുണ്ടായത്.
1,09,000/- രൂപയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചിരുന്നതായി സാജൻ, കവലക്കാട്ട് വീട്, മണ്ണുത്തി എന്നയാളും (തപാൽ നം. A2-4100/10.06.2020), 1,01,000/- രൂപയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചിരുന്നതായി മനോജ്കുമാർ.കെ.എ, കണ്ണപ്പശ്ശേരി വീട്, പുല്ലഴി എന്നയാളും (തപാൽ നം. A2-4099/10.06.2020) പരാതി നൽകുകയുണ്ടായി. ഇത് സംബന്ധിച്ച ആഫീസ് കുറിപ്പിൽ " ലേലനടപടികൾ ആരംഭിച്ചപ്പോൾ ലേലത്തിന് മാത്രമാണ് പത്രപരസ്യം ഉണ്ടായത്, ക്വട്ടേഷന് പത്രപരസ്യം ഉണ്ടായിരുന്നില്ല എന്ന ആരോപണമുയർന്ന സാഹചര്യത്തിൽ ലേല സ്ഥലത്ത് ഹാജരുണ്ടായിരുന്ന ഭരണസമിതി അംഗങ്ങൾ ക്വട്ടേഷൻ സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയാണ് ഉണ്ടായത്" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 15.06.2020 തീയതിയിലെ ഭരണസമിതി യോഗം തീരുമാനം നം. 1(1) പ്രകാരം ക്വട്ടേഷനുകൾ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ രണ്ട് പേരുടെ പരാതിയെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ലേലം സംബന്ധിച്ച നിബന്ധനകൾ കൃത്യമായി ചേർക്കാതിരുന്നതിനാൽ 22000/- രൂപ (109000 – 87000 = 22000) പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-18 കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ അപാകതകൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 30/16.09.21)

1-18-1 28/21 നെൽകൃഷിയ്ക്ക് വിത്ത് കൂലി ചെലവ് വിതരണം - വികസന ഫണ്ട് (പൊ.സാ.വി.)

1) പ്രോജക്ടിൽ 2020-21 വർഷം രണ്ടു സീസണുകളിലുമായി KSSDA യിൽ നിന്നും ജ്യോതി നെൽ വിത്ത് 14640 കിലോയും, ഉമ നെൽ വിത്ത് 37950 കിലോയും വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ക്രമ നം	വൌച്ചർ നം.	തിയതി	തുക	വിത്തിനം	അളവ് (കി.ഗ്രാം)
1	22001543	16.03.21	15,93,900	ഉമ	37950
2	22001544	16.03.21	14,490	ജ്യോതി	690
3	22001545	16.03.21	2,10,000	ജ്യോതി	10000
4	22001546	16.03.21	41,370	ജ്യോതി	1970
5	22001547	16.03.21	41,580	ജ്യോതി	1980
ആകെ			1901340		52590

2) കൂലിചെലവ് വിതരണം ചെയ്ത ബില്ലുകളുടെ UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ക്രമ നം	വൌച്ചർ നം.	തിയതി	തുക
1	22001449	21.10.20	119640
2	22001457	21.10.20	80480
3	22001458	21.10.20	96520
4	22001459	21.10.20	62640
5	22001460	21.10.20	89560
6	22001461	21.10.20	70120
7	22001462	21.10.20	45800
8	22001561	24.03.21	101530
9	22001562	24.03.21	73442
10	22001563	24.03.21	23769
11	22001564	24.03.21	95575
12	22001565	24.03.21	88213
13	22001566	24.03.21	91677
14	22001576	27.03.21	33657
15	22001577	27.03.21	26780
			10,99,403

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചറുകളിലായി ചെലവുചെയ്ത ₹30,00,743/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18-2 29/21 തെങ്ങ് കൃഷി വികസന പദ്ധതി - വികസന ഫണ്ട് (പൊ.സാ.വി.)

തെങ്ങ് കൃഷി വളം/കൂലി ചെലവ് വിതരണം ചെയ്ത ബില്ലുകളുടെ UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ക്രമ നം	വൌച്ചർ നം.	തിയതി	തുക
1	22001550	18.03.21	129340
2	22001560	24.03.21	4475
			133815

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചറുകളിലായി ചെലവുചെയ്ത ₹133815/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18-3 30/21 പച്ചക്കറി കൃഷിയ്ക്ക് വിത്ത് കൂലി ചെലവ് - വികസന ഫണ്ട് (പൊ.സാ.വി.)

1. പച്ചക്കറി കൃഷിയ്ക്കായി, പയർവിത്തും കൂലിചെലവും വിതരണം ചെയ്യുന്ന പ്രോജക്ടായിരുന്നു ഇത്. പ്രോജക്ടിൽ പയർ വിത്ത് കൈപ്പറ്റിയ താഴെ പറയുന്ന ക്ലസ്റ്ററുകളിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

ക്രമ നം	ക്ലസ്റ്ററിന്റെ പേരുവിവരം	പയർവിത്തിന്റെ അളവ് (കി.ഗ്രാം)
1	തോട്ടേക്കാട് വെജിറ്റബിൾ ക്ലസ്റ്റർ	12
2	കളപ്പാറ വെജിറ്റബിൾ ക്ലസ്റ്റർ	16
3	തോന്നൂർക്കര വെജിറ്റബിൾ ക്ലസ്റ്റർ	15
4	മല്ലിശ്ശേരി വെജിറ്റബിൾ ക്ലസ്റ്റർ	7
5	മങ്ങാട് വെജിറ്റബിൾ ക്ലസ്റ്റർ	10
6	പരക്കാട് വെജിറ്റബിൾ ക്ലസ്റ്റർ	14
ആകെ		74 കി.ഗ്രാം

2. കൂലിചെലവ് വിതരണം ചെയ്ത ബില്ലുകളുടെ UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

ക്രമ നം	വൌച്ചർ നം.	തിയതി	തുക	ചെലവു വിവരം
1	22001479	11.11.20	18079	കൂലിചെലവ്
2	22001480	11.11.20	18140	കൂലിചെലവ്
3	22001487	07.01.21	110000	പയർവിത്ത് വില
4	22001558	24.03.21	79517	കൂലിചെലവ്
5	22001559	24.03.21	74899	കൂലിചെലവ്
ആകെ			300635	

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചറുകളിലായി ചെലവുചെയ്ത ₹3,00,635/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18-4 115/21 ഫലവൃക്ഷ തൈകളുടെ വ്യാപനം - വികസന ഫണ്ട് (പൊ.സാ.വി.)

പ്രോജക്ട് പ്രകാരം ആകെ ₹1,54,805/- ഫലവൃക്ഷ തൈകൾ വാങ്ങുന്നതിന് വിവിധ ഏജൻസികൾക്ക് കൈമാറിയിട്ടുള്ളതാണ്. ആയതിന്റെ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

ക്രമ നം	വൌച്ചർ നം.	തിയതി	തുക	ചെലവിന്റെ വിവരം	
1	22001578	27.03.21	69600	VFPCK	29160
				Professor &Head IF Vellanikkara	39000
				Professor &Head Fruit Crops Research Station	1440
2	22001579	27.03.21	46570	VFPCK	5420
				Professor &Head	41150
3	22001585	30.03.21	38635	Professor &Head ARS Mannuthi	38635
			154805		

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചറുകളിലായി ചെലവുചെയ്ത ₹1,54,805/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18-5 320/21 നെൽ കൃഷിയ്ക്ക് വിത്ത് കൂലിചെലവ് വിതരണം (സ്പിൽ ഓവർ)

സ്പിൽ ഓവർ പ്രോജക്ടിൽ ബ്ലോക്ക് വിഹിതത്തിൽ നിന്നും ₹33,10,020/- കൂലിചെലവ് ഇനത്തിൽ വിതരണം നടത്തിയിട്ടുള്ളതാണ്. ആയതിൽ ട്രഷറിയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് വിതരണം ചെയ്ത ₹2506075/- കൂലി ചെലവിന്റെ UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ക്രമ നം	വൌച്ചർ നം.	തിയതി	തുക
1	22000412	21.05.20	403050
2	22000413	21.05.20	414265
3	22000414	21.05.20	137300
4	22000415	21.05.20	80200
5	22000416	21.05.20	61020
6	22000417	21.05.20	60040
7	22000418	21.05.20	29117
8	22000419	21.05.20	5700
9	22000420	21.05.20	27773
10	22000421	21.05.20	23875
11	22000422	21.05.20	415640
12	22000423	21.05.20	268465
13	22000424	21.05.20	415420
14	22000425	21.05.20	164210
ആകെ			2506075

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചറുകളിലായി ചെലവുചെയ്ത ₹2506075/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 24/15.09.21)

1-19-1 98/21 കാലിത്തീറ്റ സബ്സിഡി (വനിത) വികസന ഫണ്ട് (പൊ.സാ.വി)

പദ്ധതി പ്രകാരം 2020-21 വർഷത്തിൽ ₹5,00,000/- (വൌച്ചർ നം. 22001540/15.03.21) ചെലവഴിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക കാലിത്തീറ്റ വിതരണം നടത്തുന്നതിനായി കേരള ഫീഡ്സിൽ അടവാക്കിയിട്ടുള്ളതായാണ് നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ അറിയിച്ചത്. കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചർ പ്രകാരം ചെലവു ചെയ്ത ₹5,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

1-19-2 185/21 കാലിത്തീറ്റ സബ്സിഡി (വനിത) വികസന ഫണ്ട് (പൊ.സാ.വി) സ്പിൽ ഓവർ

പ്രോജക്ടിൽ 2020-21 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്.

ക്രമ നം	വൌച്ചർ നം	തുക (₹)	ഫണ്ടുവിവരം
1	22000328/12.04.20	2,50,000	വികസന ഫണ്ട് (പൊ.സാ.വി)
2	22000329/12.04.20	2,50,000	വികസന ഫണ്ട് (പൊ.സാ.വി)
3	22001145/13.01.21	1,48,410	ഗുണഭോക്തൃവിഹിതം
4	22001252/23.02.21	2,85,590	ഗുണഭോക്തൃവിഹിതം
5	22001416/29.03.21	66,000	ഗുണഭോക്തൃവിഹിതം
ആകെ		10,00,000	

ഹാജരാക്കിയ രേഖകൾ പ്രകാരം താഴെ പറയുന്ന വിധം കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂരിൽ നിന്നും കാലിത്തീറ്റ സീനിയർ വെറ്റിനറി സർജൻ, ചേലക്കരയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

ക്രമ നം	ഇൻവോയ്സ് നം. തീയതി	ബിൽ പ്രകാരം വിതരണം ചെയ്ത കാലിത്തീറ്റ	ബിൽ തുക
1	KFLP1-20-21 -020556/03.09.20	200 ബാഗ് 10 മെട്രിക് ടൺ	2,53,000

2	KFLP1-20-21 -028866/28.10.20	200 ബാഗ് 10 മെട്രിക് ടൺ	2,43,000
3	KFLP1-20-21 -033640/27.11.20	200 ബാഗ് 10 മെട്രിക് ടൺ	2,38,000
4	KFLP1-20-21 -038845/31.12.20	200 ബാഗ് 10 മെട്രിക് ടൺ	2,38,000
5	KFLP1-20-21 -044837/10.02.21	200 ബാഗ് 10 മെട്രിക് ടൺ	2,32,000
ആകെ		1000 ബാഗ് 50 മെട്രിക് ടൺ	12,04,000

പരിശോധനയ്ക്കായി ഹാജരാക്കിയ കളക്ഷൻ രജിസ്റ്റർ പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിവരം.

തവണ	ഗുണഭോക്തൃവിഹിതം പിരിവു വരുത്തിയത്
ആദ്യ തവണ	153000
രണ്ടാം തവണ	143000
മൂന്നാം തവണ	138000
നാലാം തവണ	138000
അഞ്ചാം തവണ	132000
ആകെ	7,04,000

പ്രോജക്ട് സംബന്ധിച്ച് താഴെ പറയുന്ന അധിക വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എൻക്വയറി നം. 24/15.09.21 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

1. കാലിത്തീറ്റ വിതരണ ഏജൻസിയായ കേരള ഫീഡ്സ്, കല്ലേറ്റുംകര എന്ന സ്ഥാപനവുമായി ചമച്ച കരാർ.

2. പുലാക്കോട് ക്ഷീരോത്പാദന സഹകരണ സംഘത്തെ കർഷകർക്ക് കാലിത്തീറ്റ വിതരണം നടത്തുന്നതിനുള്ള ഏജൻസിയായി തെരഞ്ഞെടുത്തത് സംബന്ധിച്ച ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം.

3. പരിശോധനയ്ക്ക് ഹാജരാക്കിയ പുലാക്കോട് ക്ഷീരോത്പാദന സഹകരണ സംഘവുമായുള്ള കാലിത്തീറ്റ വിതരണ കരാറിന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ.

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചർ പ്രകാരം ചെലവു ചെയ്ത ₹10,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

1-19-3 370/21 പശു വളർത്തൽ യൂണിറ്റ് കറവ പശു വികസന ഫണ്ട് (എസ്.സി.പി)

വൌച്ചർ നം. 22001582/29.03.21 തുക ₹45,000/-

വായ്പാധിഷ്ഠിത പദ്ധതിയിൽ ബാക്ക് എന്റ് സബ്സിഡി ഇനത്തിലാണ് തുക വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ കല്യാണി W/o. ചാമി കൽത്തൊട്ടിക്കൽ വീട്, കാളത്തൊടി, വെങ്ങാനെല്ലൂർ എന്നിവർക്ക് ലോൺ അനുവദിച്ചുകൊണ്ടുള്ള ബാങ്കിന്റെ സാക്ഷ്യപത്രം/കത്ത് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചർ പ്രകാരം ചെലവു ചെയ്ത ₹45,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

1-20 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ക്രമ നം	പ്രോജക്ട് വിവരങ്ങൾ			വൌച്ചർ നം	തീയതി	തുക
	നം.	പേര്	ഫണ്ടുവിവരം			
1	2/21	എസ്.എസ്.എ വിഹിതം നൽകൽ	വികസന ഫണ്ട് (പൊ.സാ.വി)	22000427	26.05.20	10,00,000
2	16/21	എസ്.എസ്.എ വിഹിതം നൽകൽ (എസ്.സി)	വികസന ഫണ്ട് (എസ്.സി.പി)	22001501	04.02.21	2,00,000
3	29/20	ഐ.കെ.എം. വിഹിതം നല്കൽ	വികസന ഫണ്ട് (പൊ.സാ.വി)	22000403	14.05.20	2,47,292
4	7/21	വൈദ്യുത പോസ്റ്റ് മാറ്റി	തനത് ഫണ്ട്	22000171	27.05.20	75,235
				22000264	26.06.20	59,714

		സ്ഥാപിക്കൽ		22000532	23.07.20	30,238
				22000833	09.10.20	42,423
				22001423	29.03.21	42,377
				220001424	29.03.21	55,592
5	175/21	വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	തനത് ഫണ്ട്	22000375	05.05.20	91,477

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-21 മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രൊജക്ട് നം. 11/20-21, ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (ചെലവ് തുക – 13,00,000/-)
വൗച്ചർ നം. 22000942/10.08.2020, തുക - 13,00,000/-
ഔഷധിയിൽ നിന്നും 12,61,058/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിവരം താഴെ ചേർക്കുന്നു.
ബിൽ നം. 90172500/25.07.2020, തുക – 1,36,277/-
ബിൽ നം. 90177305/26.08.2020, തുക – 7,29,010/-
ബിൽ നം. 90184383/21.10.2020, തുക – 1,41,689/-
ബിൽ നം. 90196236/27.01.2021, തുക – 50,684/-
ബിൽ നം. 90197703/31.01.2021, തുക – 46,255/-
ബിൽ നം. 90198360/08.02.2021, തുക – 1,12,434/-
ബിൽ നം. 90213992/28.06.2021, തുക – 44,709/-
ബാക്കി 38,942/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

2) പ്രൊജക്ട് നം. 15/20-21, പട്ടിക വർഗ്ഗ കോളനികളിൽ മെഡിക്കൽ ക്യാമ്പ് (ചെലവ് തുക – 24,000/-)
വൗച്ചർ നം. 22001485/07.01.2021, തുക – 24,000/-
ഇൻവോയ്സ് നം. G000496/08.03.2021 പ്രകാരം 15,585/- രൂപയുടെ മരുന്ന് ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി 8,415/- രൂപയുടെ പ്രൊഫോമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. ഒറിജിനൽ ബിൽ ഹാജരാക്കാത്തതിനാൽ മരുന്ന് ലഭ്യമായിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുകയായ 8,415/- രൂപ തടസ്സപ്പെടുത്തുന്നു.

3) പ്രൊജക്ട് നം. 20/20-21, ക്ഷാരസൂത്ര സ്പെഷ്യാലിറ്റി ക്ലിനിക്കിലേക്ക് ആവശ്യമായ മരുന്നുകളും സാമഗ്രികളും വാങ്ങൽ (ചെലവ് തുക – 4,00,000/-)
വൗച്ചർ നം. 22000963/19.08.2020, തുക – 3,00,000/-
വൗച്ചർ നം. 22000971/04.09.2020, തുക – 1,00,000/-
മരുന്നിനായി 3,00,000/- രൂപ ഔഷധിക്ക് നൽകിയതിൽ 2,77,359/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിവരം താഴെ ചേർക്കുന്നു.
ബിൽ നം. 90206412/30.04.2021, തുക – 63,985/-
ബിൽ നം. 90201451/28.02.2021, തുക – 31,744/-
ബിൽ നം. 90200120/25.02.2021, തുക – 1,81,630/-
ബാക്കി 22,641/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

മരുന്ന് ലഭ്യമാക്കുന്നത് വരെ ബാലൻസ് തുകയായ മൊത്തം 69,998/- രൂപ (38,942 + 8,415 + 22,641) തടസ്സപ്പെടുത്തുന്നു.

1-22 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രൊജക്ട് നം. 46/20-21, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ
(ചെലവ് തുക – 1,49,992/-)
വൗച്ചർ നം. 22000969/03.09.2020, തുക – 59,997/-
വൗച്ചർ നം. 22001488/12.01.2021, തുക – 59,999/-
വൗച്ചർ നം. 22001507/11.02.2021, തുക – 29,996/-
അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും ബിൽ നം. 566/10.08.2020, ബിൽ നം. 725/30.10.2020 എന്നിവ പ്രകാരം 1,19,995/- രൂപയുടെയും ചാൾസൺസ് മെഡിക്കൽസിൽ നിന്നും 29,996/- (Invoice No. 66052/03.02.2021) രൂപയുടെയും മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള NAC, മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം*, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല.

2) പ്രൊജക്ട് നം. 48/20-21, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും മരുന്ന് വിതരണ സാമഗ്രികളും വാങ്ങൽ
(ചെലവ് തുക – 2,00,000/-)

വൗച്ചർ നം. 22001489/12.01.2021, തുക – 2,00,000/-
പ്രൊഫോമ ഇൻവോയ്സ് നം. PF-102/15.06.2020 പ്രകാരം 2,00,000/- രൂപ HOMCO ക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള NAC, മരുന്ന് ലഭ്യമായതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല.

3) പ്രൊജക്ട് നം. 326/20-21, നിരാലംബർക്ക് സാന്ത്വനപരിചരണം.
(ചെലവ് തുക – 3,02,700/-)
വൗച്ചർ നം. 22000135/25.05.2020, തുക – 3,00,000/-
വൗച്ചർ നം. 22000370/20.04.2020, തുക – 2,700/-
പ്രൊഫോമ ഇൻവോയ്സ് നം. PRF-5250/13.03.2020 പ്രകാരം 3,00,000/- രൂപ KMSCL ന് കൈമാറിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല. ഇൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള NAC, തുക കൈപ്പറ്റിയ വിവരം എന്നിവയും ഹാജരാക്കിയിട്ടില്ല.

4) പ്രൊജക്ട് നം. 50/20-21, നിരാലംബർക്ക് സാന്ത്വനപരിചരണം.
(ചെലവ് തുക – 5,59,941/-)
വൗച്ചർ നം. 22000441/19.06.2020, തുക – 50,420/-
വൗച്ചർ നം. 22000961/17.08.2020, തുക – 24,780/-
വൗച്ചർ നം. 22001463/03.11.2020, തുക – 49,861/-
വൗച്ചർ നം. 22000978/16.09.2020, തുക – 26,586/-
വൗച്ചർ നം. 22001464/05.11.2020, തുക – 29,180/-
വൗച്ചർ നം. 22000930/09.07.2020, തുക – 22,496/-
വൗച്ചർ നം. 22001490/14.01.2021, തുക – 19,280/-
വൗച്ചർ നം. 22001502/04.02.2021, തുക – 28,730/-
വൗച്ചർ നം. 22001581/29.03.2021, തുക – 10,054/-
വൗച്ചർ നം. 22000989/06.10.2020, തുക – 28,593/-
വൗച്ചർ നം. 22001580/29.03.2021, തുക – 33,420/-
വൗച്ചർ നം. 22001484/05.01.2021, തുക – 27,525/-
വൗച്ചർ നം. 22001528/04.03.2021, തുക – 30,295/-
ജില്ലാ പഞ്ചായത്ത് വിഹിതം – 1,78,721/-

പ്രൊഫോമ ഇൻവോയ്സ് നം. PRF-1689/31.07.2020 പ്രകാരം 49,861/- രൂപ KMSCL ന് കൈമാറിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല. ഇൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള NAC, തുക കൈപ്പറ്റിയ വിവരം എന്നിവയും ഹാജരാക്കിയിട്ടില്ല.

അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും ബിൽ നം. 850/30.01.2021, 860/06.02.2021, 861/06.02.2021 എന്നിവ പ്രകാരം 1,76,484/- രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC, മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം*, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല.

*സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ. 14.02.2018 ഖ. 7.5.4 പ്രകാരം അടിയന്തിര ഘട്ടങ്ങളിലെ മരുന്ന് വാങ്ങലിന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ/നീതി/ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ചവയിൽ ഇത്തരത്തിൽ അനുമതി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ മൊത്തം 8,76,336/- (119995 + 29996 + 200000 + 300000 + 49861 + 176484) രൂപ തടസ്സപ്പെടുത്തുന്നു.

1-23 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ബത്ത - ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമായില്ല.

പ്രൊജക്ട് നം. 52/20-21 – ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ബത്ത
നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ
പദ്ധതി അടങ്കൽ – 22,00,000/-
(ജനറൽ – 1160000/-, തനത് ഫണ്ട് – 40000/-, ബ്ലോക്ക് പഞ്ചായത്ത് – 4,00,000/-, ജില്ലാപഞ്ചായത്ത് – 6,00,000/-).
പദ്ധതി ചെലവ് – 14,72,200/-
(ജനറൽ – 1160000/-, തനത് ഫണ്ട് – 12200/-, ബ്ലോക്ക് പഞ്ചായത്ത് – 3,00,000/-, ജില്ലാപഞ്ചായത്ത് – ഇല്ല)

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉല്ലാസയാത്ര നടത്തുന്നതിനുള്ള ചെലവ് ഉൾപ്പെടെ പ്രതിവർഷം 28,500/- രൂപ സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ 2020-21 വർഷം 22,500/- രൂപയാണ് പരമാവധി നൽകിയിരിക്കുന്നത്. ഇതിൽ തനത് ഫണ്ടിൽ വകയിരുത്തിയ 40,000/- രൂപയിൽ 12,200/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ വകയിരുത്തിയ 4,00,000/- രൂപയിൽ 3,00,000/- രൂപയും മാത്രമാണ് ലഭിച്ചത്. ജില്ലാ പഞ്ചായത്ത് വിഹിതം ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല. ഇതിനാൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ മുഴുവൻ തുകയും നൽകുവാൻ സാധിക്കുകയുണ്ടായില്ല. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൃത്യമായി ഉറപ്പ് വരുത്തി അവശ വിഭാഗങ്ങൾക്ക് പരമാവധി സഹായം ലഭ്യമാക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-24 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ

2020-21 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചേലക്കര നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പറും പേരും	പേരും മേൽ വിലാസവും	വൗച്ചർ നം. / തീയതി	തുക
1	38/21 - വീട് വാസയോഗ്യമാക്കൽ വികസനഫണ്ട് (എസ്.സിപി)	വിജിത രാജൻ, ചെന്നംകുന്നത്ത്, മേപ്പാടം	22001510/17.02.21	25000
2		നാരായണി കൂടംകുത്തിയിൽ, തൊഴുപ്പാടം	22001510/17.02.21	25000
3		കണ്ണമ്മ, കോതനാത്ത്, വെങ്ങാനെല്ലൂർ	22001503/05.02.21	25000
4		അമ്മിണി കൊക്രവീട്ടിൽ, തോന്നൂർക്കര	22001510/17.02.21	25000
5		നീലി കളത്തിപ്പറമ്പിൽ, തോന്നൂർക്കര	22001510/17.02.21	25000
6	422/21 - വീട് വാസയോഗ്യമാക്കൽ (തനത് ഫണ്ട്)	പ്രിയ ശങ്കരനാരായണൻ, പുലാക്കോട്	ചെക്ക് നംപർ 1989406/21.03.21	15000
7		കൌസല്ല്യ ചാമി, പുലാക്കോട്	1989406/21.03.21	15000
8		ചന്ദ്രിക രവീന്ദ്രൻ, പുലാക്കോട്	TDCB 7509/29.03.21	15000
9		പാത്തുമ്മകുട്ടി, നാട്ടുൻചിറ	TDCB 7509/29.03.21	15000
10		ഹസീന, നാട്ടുൻചിറ	TDCB 7509/29.03.21	15000
11		സുമംഗല, ചേലക്കര	TDCB 7509/29.03.21	15000
12		സുഹറ, ചേലക്കര	TDCB 7509/29.03.21	15000
13		നൌഷിജ, ചേലക്കര	1989406/21.03.21	15000
14		അഷ്റഫ്, കാളിയാറോഡ്	1989406/21.03.21	15000
15		അബൂബക്കർ സിദ്ദിഖ്, കാളിയാറോഡ്	1989406/21.03.21	15000
16		സരസ്വതി, തൊഴുപ്പാടം	1989406/21.03.21	15000
17		ദേവകി, പങ്ങാരപ്പിള്ളി	1989406/21.03.21	15000
18		മണികണ്ഠൻ, കാളിയാറോഡ്	1989406/21.03.21	15000
19		ഷെരീഫ, തോന്നൂർക്കര	1989406/21.03.21	15000
20		കദീജ, വെങ്ങാനെല്ലൂർ	1989406/21.03.21	15000

21		സുഷമ, പുലാക്കോട്	1989406/21.03.21	15000
22		ഭാസ്കരൻ, കുറുമല	1989406/21.03.21	15000
23		ജോസ് കുര്യൻ, പുലാക്കോട്	1989406/21.03.21	15000
24		ബെന്നി ജോർജ്, വെങ്ങാനെല്ലൂർ	1989406/21.03.21	15000
25		മീനാക്ഷി കുമാരൻ, പുലാക്കോട്	1989406/21.03.21	15000
26		സീത കൃഷ്ണൻ, വെങ്ങാനെല്ലൂർ	1989406/21.03.21	15000
27		ഐഷ കബീർ, തോന്നൂർക്കര	1989406/21.03.21	15000
28		പുഷ്പലത, തോന്നൂർക്കര	1989406/21.03.21	15000
29		മറിയാമ്മ സണ്ണി, വെങ്ങാനെല്ലൂർ	1989402/08.03.21	15000
30		സുഭദ്ര, വെങ്ങാനെല്ലൂർ	1989402/08.03.21	15000
31		പീറ്റർ, വെങ്ങാനെല്ലൂർ	1989402/08.03.21	15000
32		ശാന്ത, വെങ്ങാനെല്ലൂർ	1989402/08.03.21	15000
33		മണികണ്ഠൻ, വെങ്ങാനെല്ലൂർ	1989402/08.03.21	15000
34		ഷാജി, മുഖാരിക്കുന്ന്	1989402/08.03.21	15000
35		രുഗ്മിണി, വെങ്ങാനെല്ലൂർ	1989402/08.03.21	15000
36		പത്മാവതി, വെങ്ങാനെല്ലൂർ	1989402/08.03.21	15000
37		മുകുന്ദൻ, വെങ്ങാനെല്ലൂർ	1989402/08.03.21	15000
38		അജിത, ചേലക്കര	1989402/08.03.21	15000
39		രുഗ്മിണി, ചേലക്കര	1989402/08.03.21	15000
40		അന്നം, വെങ്ങാനെല്ലൂർ	1989402/08.03.21	15000
41		വിദ്യ, ചേലക്കര	1989406/21.03.21	15000
42		ജസീന്ത, ചേലക്കര	1989406/21.03.21	15000
43		വേലായുധൻ, തോന്നൂർക്കര	1989406/21.03.21	15000
44		സന്തോഷ്, വെങ്ങാനെല്ലൂർ	1989402/08.03.21	15000
45		ബാബു, വെങ്ങാനെല്ലൂർ	1989402/08.03.21	15000
46		ചന്ദ്ര, തൊഴപ്പാടം	7509/29.03.21	15000

മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/15.09.2021 നുള്ള മറുപടിയിൽ പദ്ധതി 2021-22 വർഷത്തിൽ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വീട് വാസയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) ലൈഫ് ഭവന നിർമ്മാണം(എസ്.സി) വിഭാഗത്തിൽ ഭാരതി മുല്ലക്കൽ, വെങ്ങാനെല്ലൂർ എന്ന ഗുണഭോക്താവിന് 30.07.2018ന് 40,000/- രൂപയും, ജനറൽ വിഭാഗത്തിൽ സിന്ധുരാജൻ തൊഴപ്പാടം എന്ന ഗുണഭോക്താവിന് 19.09.2018 ന് 40,000/- രൂപയും ഒന്നാം ഗഡുവായി

നല്കിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചതിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വീട് പണി പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതിയിൽ ഉൾപ്പെട്ട പാറുക്കുട്ടി, പുളിക്കൽ വീട്, വെങ്ങാനെല്ലൂർ എന്ന ഗുണഭോക്താവിന് 22.03.19 ന് ഒന്നാം ഗഡുവായി 50,000/- രൂപ നല്കിയിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിൽ പ്രസ്തുത പ്രോജക്ടിന് സ്പിൽഓവർ പ്രോജക്ട് വെച്ചിട്ടും പണി പൂർത്തീകരിച്ചതിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വീട് വാസയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-25 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ പൊതുവായി കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

ചില പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

സാമ്പത്തിക വർഷം ഫൈനൽ ബില്ല് നൽകിയ പ്രവൃത്തികളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം Name Board ന് തുക വകയിരുത്തുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങിയിട്ടുള്ള സാധനസാമഗ്രികളുടെ വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PAC യുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PAC യുടെ 2% പിഴ ഈടാക്കേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	പൂർത്തീകരിക്കേണ്ടതിയതി	പൂർത്തീകരിച്ചതിയതി	ഈടാക്കിയ പിഴ	ഈടാക്കേണ്ടിയിരുന്നത്	കുറവ്
1	173/21 – പി എച്ച് സി ടോയ്ലറ്റ് അടങ്കൽ - 295666 (വികസന ഫണ്ട് പൊതു വിഭാഗം) ചെലവ് - 295346 ട്രഷറി ബിൽ നമ്പർ - 8/21.4.2020 കരാറുകാരൻ - ടി ജി ഗംഗാധരൻ എഗ്രിമെന്റ് നമ്പർ - 81/17-18 /23.2.2018 അളവ് പുസ്തകം - 1310/18-19 1382/19-20 PAC – 397141 (30.12.2019 വരെ പൂർത്തീകരണ കാലാവധി	31.03.2019	20.1.2020	--	3971	3971

	ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. Penalty May Be Imposed For Last 3 Months എന്നാണ് അപേക്ഷ പരിഗണിച്ച അസി. എക്സി. എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.)					
2	177/21 – ഗ്രാമം നരസിംഹമൂർത്തി അമ്പലം റോഡ് മുതൽ അംഗൻവാടി റോഡ് വരെ റീടാറിങ്ങ് അടങ്കൽ - 390000 (MF Road) ചെലവ് - 388965 ട്രഷറി ബിൽ നമ്പർ - 22/21.4.2020 കരാറുകാരൻ - സി ജി ശിവൻ എഗ്രിമെന്റ് നമ്പർ - 103/18-19 /8.2.2019 അളവ് പുസ്തകം 1380/19-20 PAC – 389413/-	31.5.2019	20.1.2020	--	11682 (3%)	11682
3	172/21 – പി എച്ച് സി സബ് സെന്ററുകളുടെ നവീകരണം അടങ്കൽ - 800000 (MF Road) ചെലവ് - 554201/- ട്രഷറി ബിൽ നമ്പർ - 57/25.5.2020 കരാറുകാരൻ - സി എം ജോർജ് എഗ്രിമെന്റ് നമ്പർ - 144/17-18 /28.3.2018 അളവ് പുസ്തകം 1410/19-20 1235/18-19 PAC – 733990/- കരാറുകാരന്റെ അപേക്ഷ (പരിഗണിച്ച് 1% പിഴ ഈടാക്കി കരാർ കാലാവധി നീട്ടി നൽകാം എന്ന് അപേക്ഷ പരിഗണിച്ച അസി. എക്സി. എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്)	31.3.2019	30.3.2020	--	7340 (1%)	7340
4	274/21 – 72-ാം നമ്പർ പരക്കാട് അംഗൻവാടി പൂർത്തീകരണം അടങ്കൽ - 150000 (ധനകാര്യ കമ്മീഷൻ) ചെലവ് - 149759 ട്രഷറി ബിൽ നമ്പർ - 116/24.12.2020	31.5.2020	3.8.2020	--	4005 (3%)	4005

	കരാറുകാരൻ -യു വാസുദേവൻ എഗ്രിമെന്റ് നമ്പർ - 61/19-20 /16.11.2019 അളവ് പുസ്തകം 38/20-21, 40/20-21 PAC – 133485					
			ആകെ		26998	26998

മുകളിൽ പറഞ്ഞതു പ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 37/17.9.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഇക്കാര്യത്തിൽ കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഫൈൻ അടക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

26998/- രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-27 മരാമത്ത് പ്രവൃത്തിയുടെ എഗ്രിമെന്റ് ചമക്കുന്നതിന് കുറഞ്ഞ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറുകൾ ഉപയോഗിച്ചു

31.3.2018-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 3111(1)/Leg.A2/2018/Law പ്രകാരം പുറപ്പെടുവിച്ച കേരള ഫിനാൻസ് ആക്ട് 2018 സെക്ഷൻ (4) (F) പ്രകാരം കരാർ തുകയുടെ ഓരോ 1000 രൂപയ്ക്കും ഒരു രൂപ വീതം, (കുറഞ്ഞത് 200 രൂപയും കൂടിയത് 100000 രൂപയും) സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തിയുടെ കരാറിന് മേൽപ്രകാരമുള്ള തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചിട്ടില്ല.

ക്രമനമ്പർ	പ്രോജക്ടിന്റെ വിവരം	ഉപയോഗിക്കേണ്ടിയിരുന്ന സ്റ്റാമ്പ് പേപ്പറിന്റെ മൂല്യം	ഉപയോഗിച്ച സ്റ്റാമ്പ് പേപ്പറിന്റെ മൂല്യം	കുറവ്
1	172/21 – പി എച്ച് സി യുടെയും സബ് സെന്ററുകളുടെയും നവീകരണം അടങ്കൽ - 800000 സംരക്ഷണ ഗ്രാന്റ് -റോഡ് കരാറുകാരൻ - സി എം ജോർജ് എഗ്രിമെന്റ് നമ്പർ - 144/17-18 തീയതി 28.3.2018	800	200	600

മുകളിൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 39/18.9.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കും ബന്ധപ്പെട്ട കരാറുകാരനും അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-28 ഭൂജലവകുപ്പ് ഡെപ്പോസിറ്റ് വർക്ക് - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 316/20 പ്രകാരം നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം എന്ന പ്രവൃത്തിക്കുവേണ്ടി വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)- ൽ നിന്നും ട്രഷറി ബിൽ നമ്പർ 92/19.10.2020 പ്രകാരം 231600 രൂപ ഭൂജല വകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 40/18.9.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ചെലവ് തുക 231600/- തടസ്സപ്പെടുത്തുന്നു.

1-29 ടെന്റർ ഫോറം വില ഇനത്തിൽ ലഭ്യമായ തുക തനതു ഫണ്ടിൽ അടവാക്കിയിട്ടില്ല

ഇ-ടെന്റർ ഫോറം വില ഇനത്തിൽ 2020-21 വർഷത്തിൽ 189254/- രൂപ വരവുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. മേൽ പറഞ്ഞ തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

സ.ഉ. (എം.എസ്) 74/14, എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വാട്ടർ ചാർജ്ജ് ആവശ്യത്തിലേക്കായി താഴെ പറയും പ്രകാരം തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

വൗച്ചർ നം./ തീയതി		തുക (രൂപ)
22000088	30.04.20	177625
22000194	27.05.20	177625
22000318	29.06.20	177625
22000572	30.07.20	177625
22000695	10.09.20	177625
22000791	30.09.20	177625
22000841	28.10.20	177625
22001008	27.11.20	177625
22001091	23.12.20	177625
22001172	27.01.21	177625
22001260	23.02.21	177625
22001377	26.03.21	177625
ആകെ		2131500

മേൽ പട്ടികപ്പെടുത്തിയ പ്രകാരം, കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം ഇരുപത്തി ഒന്ന് ലക്ഷത്തിൽ കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2020-21 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 7171944/- രൂപയുടെ 29.72% വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവനഉപനികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

Ii) പ്രതിമാസം 406 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് അടവാക്കിവരുന്നത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ്.

1-32 തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് - സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 2020-21 വർഷത്തിൽ തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ താഴെപറയും പ്രകാരം തുക കെ.എസ്.ഇ.ബി. യിലേക്ക് അടവാക്കിയിട്ടുണ്ട്.

വൗച്ചർ നം.	തീയതി	തുക (രൂപ)	റിമാർക്സ്
22000026	08.04.20	117628	അൺമീറ്റേഡ് Con. No. 1156918000337
22000027	08.04.20	55	ഹൈമാസ്റ്റ്
22000028	08.04.20	162	ഹൈമാസ്റ്റ്
22000080	24.04.20	21875	മീറ്റർ ചെയ്ത തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ്

22000139	07.05.20	117628	അൺമീറ്റേഡ് Con. No. 1156918000337
22000155	27.05.20	219	ഹൈമാസ്റ്റ്
22000189	27.05.20	20131	മീറ്റർ ചെയ്ത തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ്
22000244	08.06.20	117551	അൺമീറ്റേഡ് Con. No. 1156918000337
22000245	08.06.20	15	ഹൈമാസ്റ്റ്
22000263	12.06.20	17029	മീറ്റർ ചെയ്ത തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ്
22000477	03.07.20	115313	അൺമീറ്റേഡ് Con. No. 1156918000337
22000547	17.07.20	19949	മീറ്റർ ചെയ്ത തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ്
22000630	12.08.20	115313	അൺമീറ്റേഡ് Con. No. 1156918000337
22000632	12.08.20	50	ഹൈമാസ്റ്റ്
22000633	12.08.20	1578	ഹൈമാസ്റ്റ്
22000706	09.09.20	115313	അൺമീറ്റേഡ് Con. No. 1156918000337
22000707	09.09.20	760	ഹൈമാസ്റ്റ്
22000814	09.10.20	115313	അൺമീറ്റേഡ് Con. No. 1156918000337
22000820	13.10.20	471	ഹൈമാസ്റ്റ്
22000833	20.10.20	1361	ഹൈമാസ്റ്റ്
22000915	12.11.20	921	ഹൈമാസ്റ്റ്
22000916	12.11.20	115313	അൺമീറ്റേഡ് Con. No. 1156918000337
22000918	12.11.20	859	ഹൈമാസ്റ്റ്
22001041	04.12.20	115313	അൺമീറ്റേഡ് Con. No. 1156918000337
22001065	08.12.20	864	ഹൈമാസ്റ്റ്
22001067	15.12.20	1172	ഹൈമാസ്റ്റ്
22001129	07.01.21	850	ഹൈമാസ്റ്റ്
22001130	07.1.21	867	ഹൈമാസ്റ്റ്
22001131	07.01.21	115313	അൺമീറ്റേഡ് Con. No. 1156918000337
22001222	04.02.21	790	ഹൈമാസ്റ്റ്
22001223	04.02.21	945	ഹൈമാസ്റ്റ്
22001224	04.02.21	115313	അൺമീറ്റേഡ് Con. No. 1156918000337
22001298	04.03.21	115313	അൺമീറ്റേഡ് Con. No. 1156918000337
22001299	04.03.21	859	ഹൈമാസ്റ്റ്
22001300	04.03.21	1031	ഹൈമാസ്റ്റ്
22001327	10.03.21	259824	മീറ്റർ ചെയ്ത തെരുവുവിളക്കുകളുടെ ആഗസ്റ്റ് 20 മുതൽ മാർച്ച് 21 വരെയുള്ള കുടിശിക.
ആകെ		1743261	

മേൽ പട്ടികപ്പെടുത്തിയ പ്രകാരം, തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം പതിനേഴ് ലക്ഷത്തിൽ കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2020-21 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 7171944/- രൂപയുടെ 24.31% വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

1-33 അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം - വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 2020-21 വർഷത്തിൽ താഴെ പറയും പ്രകാരം അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതമായി തുക കുറവു ചെയ്തിട്ടുള്ളതാണ്.

ക്രമ നം	വിവരണം	സർക്കാർ ഉത്തരവ് നം. തിയതി	കുറവുചെയ്ത തുക

1	2020-21 വികസന ഫണ്ട് 1-ാം ഗഡു	G.O.(Rt)267/2020/Fin Dated: 01.04.20	6,27,800
2	2020-21 വികസന ഫണ്ട് 2-ാം ഗഡു	G.O.(Rt)4461/2020/Fin Dated: 03.08.20	6,27,800
3	2020-21 വികസന ഫണ്ട് 3-ാം ഗഡു	G.O.(Rt)43/2021/Fin Dated: 01.01.21	6,27,800
ആകെ			18,83,400

മേൽ പരാമർശിച്ച തുകയ്ക്കുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ പാലിക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 38/18.09.21 ന് മറുപടി അറിയിച്ചിട്ടില്ലാത്തതുമാണ്. ഈ കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-34 വികസന ഫണ്ട് SCP, TSP ൽ നിന്നും ലൈഫ് ഭവനപദ്ധതി KURDFC ലോൺ തുക കുറവുചെയ്തത്

ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ട് SCP, TSP എന്നിവയിൽ നിന്നും 2019-20, 2020-21 വർഷങ്ങളിൽ താഴെ പറയും പ്രകാരം ലൈഫ് മിഷൻ പദ്ധതിയ്ക്കായി KURDFC യിൽ നിന്നും എടുത്ത വായ്പ തുകയുടെ തിരിച്ചടവായി തുക ഉറവിടത്തിൽ നിന്നും കുറവുചെയ്തിട്ടുള്ളതാണ്.

ക്രമ നം	വിവരണം	സർക്കാർ ഉത്തരവ് നം. തിയതി	എസ്.സി.പി.യിൽ നിന്നും കുറവു ചെയ്ത തുക	ടി.എസ്.പി.യിൽ നിന്നും കുറവുചെയ്ത തുക
1	2019-20 വികസന ഫണ്ട് 2-ാം ഗഡു	G.O.(Rt)6105/2019/Fin Dated: 01-08-19	95,588	7353
2	2019-20 വികസന ഫണ്ട് 3-ാം ഗഡു	G.O.(Rt)10050/2019/Fin Dated: 21-12-19	95,588	7353
3	2020-21 വികസന ഫണ്ട് 2-ാം ഗഡു	G.O.(Rt)4461/2020/Fin Dated: 03-08-20	95,079	7314
4	2020-21 വികസന ഫണ്ട് 3-ാം ഗഡു	G.O.(Rt)43/2020/Fin Dated: 01-01-21	95,078	7313

24.09.2019 ലെ ഭരണസമിതി യോഗത്തിലെ 7(1) നമ്പർ തീരുമാനം പ്രകാരം പട്ടികജാതി വിഭാഗത്തിനും, പട്ടികവർഗ്ഗ വിഭാഗത്തിനും ഹഡ്ക്കോയിൽ നിന്നും ലോൺ എടുക്കാത്ത സാഹര്യത്തിൽ മേൽ പരാമർശിച്ച തുകകൾ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് കുറവു ചെയ്ത നടപടിയുടെ കാരണം ആരാഞ്ഞുകൊണ്ട് ബന്ധപ്പെട്ടവർക്ക് കത്തെഴുതുന്നതിന് സെക്രട്ടറിയെ ചുമതലയിൽപ്പെടുത്തിയിരുന്നതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 22/14.09.21). ഈ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് അധികാരികളിൽ നിന്നും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതും ദുർബലവിഭാഗത്തിന്റെ ക്ഷേമത്തിനായി ഉപയോഗപ്പെടുത്തേണ്ട ഫണ്ടിൽ കുറവു വരാതിരിക്കാനുള്ള കാര്യത്തിൽ സത്വരശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

1-35 ആശ്രയ - അഗതി രഹിത പദ്ധതി, സ്നേഹിത - അവശ ജനപരിപാലനം എന്നീ പദ്ധതികളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല - തുക തടസ്സത്തിൽ വയ്ക്കുന്നു

1. പ്രോജക്ട് - ആശ്രയ – അഗതി രഹിത പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

ഫണ്ട് – വികസന ഫണ്ട് – പൊതുവിഭാഗം

ചെലവ് – 200000/-

ട്രഷറി ബിൽ നമ്പർ - 11/20-21/16.03.21, 200000/-

ആശ്രയ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മരുന്ന്, ഭക്ഷണം, ചികിത്സ തുടങ്ങിയവ നൽകുന്നതിന് തുക വിനിയോഗിക്കുന്നു, കുടുംബശ്രീ സി.ഡി എസ് വഴിയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ഇതിൻപ്രകാരം കുടുംബശ്രീ സി.ഡി എസ് ന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് (കാനറ ബാങ്ക് 0801101054691) 16/3/21 ൽ മേൽ ബിൽനമ്പർ പ്രകാരം തുക കൈമാറുകയും തുടർന്ന് 09/7/21 ൽ ടി തുക

അഗതിരഹിത പദ്ധതിയുടെ ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേക്ക് (40278101049051) കൈമാറിയിട്ടുള്ളതായും കാണുന്നു. ടി തുകയുടെ വിശദമായ വിനിയോഗവിവരം (ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക ആർക്കെല്ലാം നൽകിയെന്നതിന്റെ) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടി രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 200000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.
2. പ്രോജക്ട് - സ്നേഹിത - അവശജനപരിപാലനം (131/20-21)

ഫണ്ട് – വികസനഫണ്ട് - ജനറൽ

ചെലവ് – 200000/-

ട്രഷറി ബിൽ നമ്പർ - 12/20-21/16.03.2021, 200000/-

ആശ്രയ പദ്ധതിയിൽ ഉൾപ്പെടാത്ത അവശജനങ്ങൾക്ക് മരുന്നും ഭക്ഷണവും നൽകുക, ഓരോ അയൽക്കൂട്ട പരിധിയിലും ഒറ്റപ്പെട്ട് താമസിക്കുന്നവരെ കണ്ടെത്തി അയൽക്കൂട്ട ആരോഗ്യ വോളണ്ടിയർമാരുടെ നേതൃത്വത്തിൽ അവർക്കാവശ്യമായ മാനസിക പിന്തുണ നല്കുക എന്നിവയായിരുന്നു പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യവും പ്രവർത്തനവും. ഇതിൻപ്രകാരം കുടുംബശ്രീ സി.ഡി എസ് ന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് (കാനറ ബാങ്ക് 0801101054691) 16/3/21 ൽ മേൽ ബിൽനമ്പർ പ്രകാരം തുക കൈമാറിയിട്ടുണ്ട്.

I) പദ്ധതി വിഭാവനം ചെയ്തപ്രകാരം എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്, ഗുണഭോക്താക്കളുടെ വിവരം, ഇവർക്ക് എന്തെല്ലാം സേവനങ്ങൾ നൽകുന്നുണ്ട്, എപ്രകാരമാണ് സേവനങ്ങൾ നൽകുന്നത്, പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിങ്ങ് നടത്തിയതിന്റെ വിശദാംശം, നൽകുന്ന സേവനം സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

Ii) മേൽ തുകയുടെ വിനിയോഗവിവരം ഇനം തിരിച്ച് ഓഡിറ്റിന് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 200000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 28/16.09.21)

1-36 വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം - രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 400000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് - വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം – പട്ടികജാതി (36/20-21)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

ഫണ്ട് – എസ്.സി

ചെലവ് – 400000/-

ട്രഷറി ബിൽ നമ്പർ - 10/20-21/16.03.2021, 400000/-

മേൽ പദ്ധതി പ്രകാരം 92 കട്ടിലുകൾ ആർട്ട്കോയിൽ നിന്ന് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ആർട്ട്കോയുടെ ടാക്സ് ഇൻവോയിസ് നമ്പർ 516/26.02.2021 പ്രകാരമാണ് കട്ടിലുകൾ ലഭ്യമാക്കിയിട്ടുള്ളത്. ടി പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷകൾ, കട്ടിലുകൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടി രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 400000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

1-37 ബാല പഞ്ചായത്ത് - ബാലസഭ പ്രവർത്തനം - കൃത്യമായ ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് - ബാല പഞ്ചായത്ത് - ബാലസഭ പ്രവർത്തനം (63/20-21)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

ഫണ്ട് – വികസനഫണ്ട് - ജനറൽ

ചെലവ് – 150000/-

ട്രഷറി ബിൽ നമ്പർ - 14/20-21/10.03.2021, 150000/-

കുടുംബശ്രീ സി.ഡി എസ് ന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് (കാനറ ബാങ്ക് 0801101054691) 16/3/21 ൽ മേൽ ബിൽ നമ്പർ പ്രകാരം തുക കൈമാറിയിട്ടുണ്ട്. 25/03/21, 26/03/21 എന്നീ ദിവസങ്ങളിൽ നടത്തിയ ദ്വിദിനപരിശീലനക്യാമ്പിൽ ഭക്ഷണം നൽകിയതിന്റെ 38930/- രൂപയുടേയും, കുട്ടികൾക്ക് ഗ്രോബാഗ് വിതരണം നടത്തുന്നതിനായി ചേലക്കര കൃഷിഫാമിന് മുൻകൂർ 80000/- രൂപ നൽകിയതിന്റേയും വൗച്ചറുകൾ മാത്രമേ ഓഡിറ്റിന് നൽകിയിട്ടുള്ളൂ.

I) ക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ അറ്റൻഡൻസ്, ക്യാമ്പിന്റെ ഫോട്ടോ എന്നിവ ലഭ്യമാക്കിയിട്ടില്ല.

Ii) ചേലക്കര കൃഷിഫാമിന്റെ പ്രഫോർമ ഇൻവോയിസ് നം. DAF-4/2020 Dt. 30/03/2021 പ്രകാരം 1000 ഗ്രോബാഗുകൾ വിതരണം ചെയ്യുന്നതിനായിട്ടാണ് തുക നൽകിയിട്ടുള്ളത്. ഗ്രോബാഗുകൾ ലഭിച്ചതിന്റെ ബിൽകോപ്പി, ഇവ കുട്ടികൾക്ക് വിതരണം നടത്തിയതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

Iii) 118930 രൂപയുടെ ചെലവ് വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 31070 രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. ടി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കും വരെ ചെലവ് തുകയായ 150000/- തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 28/16-09-21)

1-38 എസ്.ടി വീടുകൾക്ക് വാട്ടർടാങ്ക് നൽകൽ - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് - എസ്.ടി വീടുകൾക്ക് വാട്ടർടാങ്ക് നൽകൽ (251/20-21)

ഫണ്ട് – വികസനഫണ്ട് - ടി.എസ്.പി

ചെലവ് – 48000/- (36000 ടി.എസ്.പി + 12000 ഗുണഭോക്തൃ വിഹിതം)

ട്രഷറി ബിൽ നമ്പർ - 06/20-21/20.05.2020, 36000/-

എസ്.ടി വീടുകൾക്ക് വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിനായി ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിന് ടെണ്ടർ നല്കുകയും ഇൻവോയിസ് നമ്പർ OPU/0160/20-21 /8.5.2020 പ്രകാരം 500 ലിറ്ററിന്റെ 20 വാട്ടർ ടാങ്കുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, വാട്ടർ ടാങ്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ, ഓഷ്യൻ പോളിമേഴ്സ് തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന (28/16-09-21) ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 36000/- തടസ്സത്തിൽ വയ്ക്കുന്നു.

1-39 CFLTC സജ്ജീകരണം അനുബന്ധ പ്രവർത്തനങ്ങൾ - വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന തുക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

പ്രോജക്ട് നം. 407/21 CFLTC സജ്ജീകരണം അനുബന്ധ പ്രവർത്തനങ്ങൾ (തനത് ഫണ്ട്)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ സി.എഫ്.എൽ.ടി.സി സജ്ജീകരണം അനുബന്ധ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ (22000563/30.07.20) ഡോ. എ.എം.അബ്ദുൾ ഷെരീഫ്, നോഡൽ ഓഫീസർ, CFLTC മാനേജ്മെന്റ് കമ്മറ്റി ചേലക്കരയ്ക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂറായി കൈമാറിയിട്ടുള്ളതാണ്. ആയതിൽ ₹4,73,009/- CFLTC പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുള്ളതാണ്. ആയതിൽ ₹26,991/- ബാലൻസുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതും തുക CFLTC മാനേജ്മെന്റ് കമ്മറ്റിയുടെ പേരിൽ സൌത്ത് ഇന്ത്യൻ ബാങ്ക് ചേലക്കര ബ്രാഞ്ചിലുള്ള 0015053000040505 അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തുക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയ്ക്കായി വൌച്ചർ നം, 22000821/13.10.20 പ്രകാരം ₹210106/- യും തനത് ഫണ്ടിൽ നിന്നും നം, 22001091/23.12.20 പ്രകാരം ₹2178/- യും ചെലവഴിച്ചിട്ടുള്ളതാണ്. ആയതിന്റെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ വൌച്ചറുകളിലായി ചെലവുചെയ്ത ₹2,12,284/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ പറഞ്ഞ പ്രകാരം വിനിയോഗിക്കാതെ ഇന്ത്യൻ ബാങ്ക് ചേലക്കര ബ്രാഞ്ചിൽ സൂക്ഷിച്ചിരിക്കുന്ന തുക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - ഉത്തരവ് പാലിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം. 97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു പ്രക്രിയ നടക്കുന്നില്ല. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (39/27.07.21) സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം വിവരങ്ങൾ ശേഖരിച്ച് നൽകുന്നതിന് അങ്കണവാടി വർക്കർ/ആശാവർക്കർമാരെ ചുമതലപ്പെടുത്തുന്നതിന് മെഡിക്കൽ ഓഫീസർക്കും ഐ.സി.ഡി.എസ് സൂപ്പർവൈസർക്കും അറിയിപ്പ് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

1-41 കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ് - രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - കമ്മ്യൂണിറ്റി കിച്ചൻ (406/20-21)
നിർവ്വഹണം – അസി. സെക്രട്ടറി
ഫണ്ട് - തനത്ഫണ്ട്

ചെലവ് - 114152/-

വൗച്ചർ നമ്പർ – 1. 22000601/05.08.2020, തുക – 64350/-
2. 22000621/10.08.2020, തുക – 49802/-

മേൽ പ്രോജക്ടിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്ത പക്ഷം ചെലവ് നടന്നിട്ടില്ല എന്ന

നിഗമനത്തിൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 28/16.09.21 പ്രകാരം അറിയിച്ചിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം ചെലവ് തുക 114152/- ഓഡിറ്റിൽ നിരാകരിക്കുന്നു.

1-42 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - ഭാഗികമായി മാത്രം രേഖകൾ ലഭ്യമാക്കിയിട്ടുള്ളു

പ്രോജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (183/20-21)
നിർവ്വഹണം – അസി. സെക്രട്ടറി
ഫണ്ട് – വികസനഫണ്ട് - എസ്.സി.പി
ചെലവ് – 824670/-
ട്രഷറി ബിൽ നമ്പർ – 1. 1/20-21/16.4.20 – 247401/-
2. 3/20-21/12.5.20 – 577269/-

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്ത ടി പദ്ധതി പ്രകാരം 30 ലാപ് ടോപ്പിനായി മേൽ ബില്ലുകൾ പ്രകാരം തുക പ്ലെഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. ഇതിൽ 21 ലാപ് ടോപ്പുകൾ ലഭിച്ചതിന്റെ ബില്ലും (കെൽട്രോൺ ടാക്സ് ഇൻവോയിസ് നം. ITP/09742/20-21/30.01.2021), ഗുണഭോക്താക്കളുടെ അപേക്ഷയും, കൈപ്പറ്റും മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളു. 9 ലാപ് ടോപ്പുകൾ ലഭിച്ചതിന്റെ ബില്ലും, ഗുണഭോക്താക്കളുടെ അപേക്ഷയും, കൈപ്പറ്റും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 247401/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ 28/16.09.21

1-43 വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ (170/20-21)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് – വികസനഫണ്ട് - ജനറൽ

ചെലവ് – 200000/-

ട്രഷറി ബിൽ നമ്പർ - 15/20-21/27.03.2021, 200000/-

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ചൂഷണങ്ങളും നേരിടുന്നവർക്ക് കുടുംബശ്രീ മുഖേന പിന്തുണയും സഹായവും നൽകുക, ജില്ലാമിഷന്റെ ജെന്റർ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നൂതന പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളിയാവുക - പദ്ധതി വിഭാവനം ചെയ്തിരുന്നത് ഇപ്രകാരമാണ്. കുടുംബശ്രീ സി.ഡി എസ് ന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് (കാനറ ബാങ്ക് 0801101054691) മേൽ ബിൽനമ്പർ പ്രകാരം തുക കൈമാറിയിട്ടുണ്ട്. പദ്ധതി രൂപീകരണ ഫോറത്തിൽ പദ്ധതി നിർവ്വഹണം കുടുംബശ്രീ മുഖേന എന്നുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. നിർവ്വഹണം എപ്രകാരമായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടില്ല. ടി തുക എപ്രകാരം ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുവാനും, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിലും പ്രാദേശിക പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിലും ഈ പദ്ധതി എത്രമാത്രം ഫലവത്തായി എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 28/16.9.21 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 200000/- തടസ്സത്തിൽ വയ്ക്കുന്നു.

1-44 തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ

2020-21 വർഷത്തിൽ തെരുവ് നായ്ക്കളുടെ ആക്രമണത്തിന് നഷ്ടപരിഹാരവും ആയതിന്റെ പലിശയിനത്തിലുമായി ബഹു. ജസ്റ്റിസ് സിരിജഗൻ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 503/2020/എൽ.എസ്.ജി.ഡി. തീയതി 28/02/2020 നമ്പർ ഉത്തരവ് പ്രകാരം ₹1,74,700/- (വൗച്ചർ നം. 22000076 തീയതി 22.04.20) പരാതിക്കാർക്ക് കൈമാറിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166(1) മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. 2019-20 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം. 325/20 പ്രകാരം അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ടിനായി (വൗച്ചർ നം. 21900712 തീയതി 03.08.19) ₹2,10,000/- ജില്ലാപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതുമാണ്. 2020-21 വാർഷിക പദ്ധതിയിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ലാത്തതുമാണ്.

അലഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് എന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ - 10/10-09-21)

1-45 സിംഗിൾ ടെണ്ടർ - നടപടികളിലെ അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 11 (2) പ്രകാരം റീടെണ്ടറിൽ ലഭ്യമായ ടെണ്ടറുകൾ സ്വീകാര്യമല്ലെങ്കിൽ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി പഞ്ചായത്തിന്റെ അനുമതിയോടെ നെഗോസിയേഷൻ നടത്താമെന്നും അതനുസരിച്ച് ലഭ്യമാകുന്ന ഓഫർ സ്വീകരിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചപ്പോൾ സിംഗിൾ ടെണ്ടർ ലഭിച്ചതിനാൽ സ്വീകരിക്കാതെ റീടെണ്ടർ നടത്തുകയും റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിച്ചതിനാൽ സ്വീകരിക്കുകയും ചെയ്ത

താഴെ പറയുന്ന പ്രവൃത്തിയിൽ മേൽപറഞ്ഞ ചട്ടപ്രകാരം നെഗോസിയേഷൻ നടത്തിയിട്ടില്ല. ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് ക്വാട്ട് ചെയ്യുകയും അത് സ്വീകരിക്കാതിരിക്കുകയും റീടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് ലഭിക്കുകയും എസ്റ്റിമേറ്റ് നിരക്ക് സ്വീകരിക്കുകയും ചെയ്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ വിവരം	ടെണ്ടറിൽ ലഭ്യമായ നിരക്ക്	റീടെണ്ടർ പ്രകാരം സ്വീകരിച്ച നിരക്ക്	ഉയർന്ന നിരക്കിലുള്ള ടെൻഡർ സ്വീകരിച്ചതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം
1	പ്രോജക്ട് നമ്പർ 96/21 – ഗ്രാമം നായ്ക്കൻകൂടാരം റോഡ് കോൺക്രീറ്റ് അടങ്കൽ - 152000 കരാറുകാരൻ - അഷറഫ് എ കെ ആകെ പ്രവൃത്തിമൂല്യം – 119560	13.1%കുറവ് കരാറുകാരൻ - എ എം സുലൈമാൻ	എസ്റ്റിമേറ്റ് നിരക്ക് - കരാറുകാരൻ - അഷറഫ് എ കെ	17778/- (135709.99 (PAC) X 13.1%)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/10.9.2021-ന് മറുപടിയായി ജി.ഒ.(പി) നമ്പർ 13/2012/പി.ഡബ്ലിയു.ഡി റൂൾ 2009.3 പ്രകാരം ടെണ്ടർ ഓപ്പൺ ചെയ്തതിനു ശേഷം നെഗോസിയേഷൻ നടത്താൻ സാധ്യമല്ലാത്തതിനാലാണ് അപ്രകാരം ചെയ്യാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ വ്യവസ്ഥ ഒന്നിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമാണ് ബാധകമാകുന്നത്. ഇത്തരം സാഹചര്യങ്ങളിൽ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 11 (2) -ലെ വ്യവസ്ഥകൾ പ്രകാരം കുറഞ്ഞ നിരക്കിൽ ടെണ്ടർ നൽകിയ കരാറുകാരനുമായി നെഗോസിയേഷൻ നടത്തേണ്ടതും പഞ്ചായത്തിന്റെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-46 വാഹനപരിപാലനം - ഇന്ധന ക്ഷമത പരിശോധന നടത്തിയിട്ടില്ല

1. ഗ്രാമ പഞ്ചായത്തിലെ KL48C-9260 ബൊലാറോ ജീപ്പിന് 2019-20 വർഷത്തിൽ ഇന്ധന ക്ഷമത പരിശോധനയാക്കായി വൌച്ചർ നം. 29001143/14.2.20 ₹1690, 2020-21 വർഷത്തിൽ ഇന്ധന ക്ഷമത പരിശോധനയാക്കായി വൌച്ചർ നം. 22000297/26.06.20 ₹1105 ചെലവഴിച്ചിട്ടുണ്ട്. ഇന്ധന ക്ഷമത സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ വാഹനത്തിന്റെ ഇന്ധന ഉപഭോഗം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ലാത്തതാണ്. സമയബന്ധിതമായി വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന നടത്തേണ്ടതും, ആയതു പ്രകാരം ഇന്ധന ഉപഭോഗത്തിന്റെ പ്രതിമാസ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
2. ഗ്രാമ പഞ്ചായത്തിലെ KL8AA 1096 ജീപ്പിന് Un-economy Certificate ലഭിക്കുന്നതിനായി വൌച്ചർ നം. 22001125/07.01.21 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD മെക്കാനിക്കൽ സബ്ബ് ഡിവിഷൻ ₹1105/- ഒടുക്കിയിട്ടുള്ളതാണ്. ആയതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളതുമാണ്. ഉപയോഗക്ഷമമല്ലാത്ത വാഹനം കൈയ്യൊഴിയുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും അക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 13/10-09-21)

1-47 സ്ഥാപന സോഫ്റ്റ് വെയറിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് എസ്റ്റാറ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ ശമ്പളവിവരങ്ങൾ രേഖപ്പെടുത്തുന്ന സ്ഥാപന സോഫ്റ്റ് വെയറിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. വിശദാംശം താഴെ ചേർക്കുന്നു.

2019 മെയ് മാസത്തെ ശമ്പള ബില്ല് (വൌച്ചർ 21900154/01.06.19) ബില്ലിൽ പതിനാറ് ജീവനക്കാരുടെ ശമ്പളം രേഖപ്പെടുത്തിയതിൽ പതിനഞ്ച് പേരുടെ വീട്ടുവാടക ബത്ത രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. വീട്ടുവാടക ബത്ത രേഖപ്പെടുത്തിയ ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ആകെ ₹2000/- പി.എച്ച്. അലവൻസായി ബില്ലിൽ അനുവദിച്ചത് ഏതു ജീവനക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മൊത്ത ശമ്പളത്തിൽ ഈ ഇനങ്ങളുടെ ആകെ തുക വന്നിട്ടുള്ളതുമാണ്. തുകകൾ കൈ കൊണ്ട് തിരുത്തി രേഖപ്പെടുത്തിയാണ് ശമ്പളവിതരണം നടത്തിയിട്ടുള്ളത്.

2020 ഏപ്രിൽ മാസത്തെ ശമ്പള ബില്ലിലെ Abstract Of The Bill-ൽ നീക്കിവെച്ച ശമ്പള (Deferred Salary) ഇനത്തിൽ രേഖപ്പെടുത്തിയ തുക ₹120520/- യും സെക്ഷൻ വൈസ് ആകെ തുക ₹107498/- എന്നതുമായാണ് രേഖപ്പെടുത്തിയിരുന്നത്. ഈ വ്യത്യാസം ബില്ലിന്റെ ആകെ തുകയിൽ പ്രതിഫലിച്ചതിനാൽ, തുകകൾ കൈകൊണ്ട് തിരുത്തി രേഖപ്പെടുത്തിയാണ് ശമ്പളവിതരണം നടത്തിയിട്ടുള്ളത്.

ഈ വ്യത്യാസത്തിന് കാരണം സോഫ്റ്റ് വെയർ പ്രശ്നം മൂലമാണെന്ന് അറിയിക്കുകയുണ്ടായി.

സ്ഥാപന സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന ശമ്പള ബില്ലിൽ ഇപ്രകാരം തെറ്റുകൾ സംഭവിക്കുന്നത് സോഫ്റ്റ് വെയറിന്റെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്നതാണ്. ആയതിനാൽ വിഷയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി അടിയന്തിര പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതാണ്.

1-48 മഴക്കാല പൂർവ്വ ശുചീകരണം മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ 22 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി 2020-21 സാമ്പത്തിക വർഷത്തിൽ വൌച്ചർ നം. 22000164/27.05.20 പ്രകാരം ₹3,30,000/- (ആയതിൽ വാർഡ് നം. 2, 4, 6, 7, 9, 10, 12-ാം വാർഡുകളിൽ ₹15000 വീതവും, 17-ാം വാർഡിൽ ₹15000 നല്കിയതിൽ ₹5000 പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല), വൌച്ചർ നം. 22001444/31.03.21 പ്രകാരം ₹2,20,000/- എന്നിങ്ങനെ ആകെ ₹5,50,000/- മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് കൈമാറിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ, വൌച്ചർ നം. 22000164/27.05.20 പ്രകാരം നടത്തിയ ₹1,10,000, വൌച്ചർ നം. 22001444/31.03.21 പ്രകാരം ₹2,20,000/- കൂടി മൊത്തം ₹3,30,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 8/10.09.21)

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ചേലക്കര ജി.എൽ.പി.എസ് കെട്ടിടം ലേലം നടത്തിയതിൽ അപാകത - 22,000/- രൂപ നഷ്ടം.

ചേലക്കര ജി.എൽ.പി.എസ് കെട്ടിടം ലേലം നടത്തിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

പഴയന്നൂർ LSGD Sub-Division അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 09.01.2020 തീയതിയിലെ D1/G/19-20 കത്ത് പ്രകാരം 1,31,700/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. 17.02.2020 തീയതിയിൽ വാല്യുവേഷൻ തുകയ്ക്ക് ആരും ലേലം എടുക്കുവാൻ തയ്യാറായില്ല, അതിനെ തുടർന്ന് പുനർലേലം നടന്ന 29.05.2020 തീയതിയിൽ 1,24,785/- രൂപയ്ക്ക് ക്വട്ടേഷൻ ലഭിക്കുകയും ക്വട്ടേഷൻ സമർപ്പിച്ചയാൾ കരാർ വയ്ക്കുകയോ തുക അടവാക്കുകയോ ചെയ്യാതിരുന്നതിനാൽ 11.06.2020 തീയതിയിൽ 87,000/- രൂപയ്ക്ക് സി. പി. പോൾ, ചിറമ്മേൽ വീട്, ചേറ്റുപുഴ എന്നയാൾ ലേലം കൊള്ളുകയുമാണുണ്ടായത്.

1,09,000/- രൂപയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചിരുന്നതായി സാജൻ, കവലക്കാട്ട് വീട്, മണ്ണുത്തി എന്നയാളും (തപാൽ നം. A2-4100/10.06.2020), 1,01,000/- രൂപയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചിരുന്നതായി മനോജ്കുമാർ. കെ. എ, കണ്ണപ്പശ്ശേരി വീട്, പുല്ലഴി എന്നയാളും (തപാൽ നം. A2-4099/10.06.2020) പരാതി നൽകുകയുണ്ടായി. ഇത് സംബന്ധിച്ച ആഫീസ് കുറിപ്പിൽ " ലേലനടപടികൾ ആരംഭിച്ചപ്പോൾ ലേലത്തിന് മാത്രമാണ് പത്രപരസ്യം ഉണ്ടായത്, ക്വട്ടേഷന് പത്രപരസ്യം ഉണ്ടായിരുന്നില്ല എന്ന ആരോപണമുയർന്ന സാഹചര്യത്തിൽ ലേല സ്ഥലത്ത് ഹാജരുണ്ടായിരുന്ന ഭരണസമിതി അംഗങ്ങൾ ക്വട്ടേഷൻ സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയാണ് ഉണ്ടായത്" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 15.06.2020 തീയതിയിലെ ഭരണസമിതി യോഗം തീരുമാനം നം. 1(1) പ്രകാരം ക്വട്ടേഷനുകൾ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ രണ്ട് പേരുടെ പരാതിയെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/12.09.2021 ന് കെട്ടിടലേലത്തെ സംബന്ധിച്ച അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം സംബന്ധിച്ച നിബന്ധനകൾ കൃത്യമായി ചേർക്കാതിരുന്നതിനാൽ 22,000/- രൂപ (109000 – 87000 = 22000) പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PAC യുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PAC യുടെ 2% പിഴ ഈടാക്കേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	പൂർത്തീകരിക്കേണ്ട തിയതി	പൂർത്തീകരിച്ച തിയതി	ഈടാക്കിയ പിഴ	ഈടാക്കേണ്ടിയിരുന്നത്	കുറവ്
1	173/21 – പി എച്ച് സി ടോയ് ലറ്റ്	31.03.2019	20.1.2020	--	3971	3971

	അടങ്കൽ - 295666 (വികസന ഫണ്ട് പൊതു വിഭാഗം) ചെലവ് - 295346 ട്രഷറി ബിൽ നമ്പർ - 8/21.4.2020 കരാറുകാരൻ - ടി ജി ഗംഗാധരൻ എഗ്രിമെന്റ് നമ്പർ - 81/17-18/23.2.2018 അളവ് പുസ്തകം - 1310/18-19 1382/19-20 PAC – 397141 (30.12.2019 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. Penalty May Be Imposed For Last 3 Months എന്നാണ് അപേക്ഷ പരിഗണിച്ച അസി. എക്സി. എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.)					
2	177/21 – ഗ്രാമം നരസിംഹമൂർത്തി അമ്പലം റോഡ് മുതൽ അംഗൻവാടി റോഡ് വരെ റീടാറിങ്ങ് അടങ്കൽ - 390000 (MF Road) ചെലവ് - 388965 ട്രഷറി ബിൽ നമ്പർ - 22/21.4.2020 കരാറുകാരൻ - സി ജി ശിവൻ എഗ്രിമെന്റ് നമ്പർ - 103/18-19/8.2.2019 അളവ് പുസ്തകം 1380/19-20 PAC – 389413/-	31.5.2019	20.1.2020	--	11682 (3%)	11682
3	172/21 – പി എച്ച് സി സബ് സെന്ററുകളുടെ നവീകരണം അടങ്കൽ - 800000 (MF Road) ചെലവ് - 554201/- ട്രഷറി ബിൽ നമ്പർ - 57/25.5.2020	31.3.2019	30.3.2020	--	7340 (1%)	7340

	കരാറുകാരൻ - സി എം ജോർജ് എഗ്രിമെന്റ് നമ്പർ - 144/17-18/28.3.2018 അളവ് പുസ്തകം 1410/19-20 1235/18-19 PAC – 733990/- കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 1% പിഴ ഈടാക്കി കരാർ കാലാവധി നീട്ടി നൽകാം എന്ന് അപേക്ഷ പരിഗണിച്ച അസി. എക്സി. എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്)					
4	274/21 – 72-ാം നമ്പർ പരക്കാട് അംഗൻവാടി പൂർത്തീകരണം അടങ്കൽ - 150000 (ധനകാര്യ കമ്മീഷൻ) ചെലവ് - 149759 ട്രഷറി ബിൽ നമ്പർ - 116/24.12.2020 കരാറുകാരൻ -യു വാസുദേവൻ എഗ്രിമെന്റ് നമ്പർ - 61/19-20/16.11.2019 അളവ് പുസ്തകം 38/20-21, 40/20-21 PAC – 133485	31.5.2020	3.8.2020	--	4005 (3%)	4005
			ആകെ		26998	26998

മുകളിൽ പറഞ്ഞതു പ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 37/17.9.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഇക്കാര്യത്തിൽ കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഫൈൻ അടക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

26998/- രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-2 കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ് - രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - കമ്മ്യൂണിറ്റി കിച്ചൻ (406/20-21)
നിർവ്വഹണം – അസി. സെക്രട്ടറി
ഫണ്ട് - തനത്ഫണ്ട്

ചെലവ് – 114152/-

വൗച്ചർ നമ്പർ – 1) 22000601/05.08.2020, തുക – 64350/-
2) 22000621/10.08.2020, തുക – 49802/-

മേൽ പ്രോജക്ടിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 28/16.09.21 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം ചെലവ് തുക 114152/- ഓഡിറ്റിൽ നിരാകരിക്കുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2020-2021	3000000	28/21 നെൽകൃഷിക്ക് വിത്ത്, കൂലിച്ചെലവ് വിതരണം	0	3000000
		350000	30/21 പച്ചക്കറി കൃഷിക്ക് വിത്ത്, കൂലിച്ചെലവ്	0	350000
		5000000	39/20 ലൈഫ് ഭവന നിർമാണം ജനറൽ	0	5000000
		3000000	40/21 ലൈഫ് ഭവന നിർമാണം എസ് സി	380000	2620000
		400000	52/21 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ബത്ത	300000	100000
		200000	61/21 ആശ്രയ - അഗതി രഹിത പദ്ധതി	0	200000
		500000	69/21 തൊട്ടാവാടി കുളമ്പ് റോഡ് പാർശ്വഭിത്തി കോൺക്രീറ്റ്	500000	0
		500000	255/21 പുളിക്കുളം റോഡ് സോളിങ് - മെറ്റലിംഗ് - ടാറിങ്	500000	0
		4000000	320/21 നെൽകൃഷിക്ക് വിത്ത്, കൂലിച്ചെലവ് വിതരണം	3310020	689980
ജില്ലാ പഞ്ചായത്ത്	2020-2021	600000	22/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	260650	339350
		2000000	28/21 നെൽകൃഷിക്ക് വിത്ത്, കൂലിച്ചെലവ് വിതരണം	0	2000000
		350000	30/21 പച്ചക്കറി കൃഷിക്ക് വിത്ത്, കൂലിച്ചെലവ്	0	350000
		400000	31/21 സചേതന - തരിശ് രഹിത നെൽകൃഷി പദ്ധതി	0	400000
		500000	അംഗൻവാടി പോഷകാഹാരം - ജനറൽ	0	500000
		300000	245/21 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം നൽകൽ	0	300000
		8000000	39/21 ലൈഫ് ഭവന നിർമാണം ജനറൽ	4470154	3529846
		3000000	40/21 ലൈഫ് ഭവന നിർമാണം എസ് സി	0	3000000

	300000	50/21 നിരാലംബരായവർക്ക് സാന്ത്വന പരിചരണം	178721	121279
	600000	52/21 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ബത്ത	0	600000
	300000	61/21 ആശ്രയ - അഗതി രഹിത പദ്ധതി	0	300000
	500000	69/21 തൊട്ടാവാടി കളമ്പ് റോഡ് പാർശ്വഭിത്തി കോൺക്രീറ്റ്	500000	0
	400000	141/21 മെതുക് അമ്പലംകുന്ന് റോഡ് നിർമാണം	399198	802
	1000000	143/21 തോന്നൂർക്കര നെല്ലിക്കുന്ന കോളനി റോഡ് നിർമാണം	998759	1241
	600000	157/21 മണ്ണാത്തിപ്പറ ചിറ പുനരുദ്ധാരണം	529462	70538
	500000	165/21 സുജലം – മല്ലിശേരിക്കാവ് കളപ്പാറ തോട്ടുകളിലെ ജല സംരക്ഷണ പ്രവർത്തനങ്ങൾ	499682	318
	113789	208/21 തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ വലിക്കൽ	113789	0
	150000	190/21 കോളത്തൂർ കുളം നവീകരണം	149288	712
	574000	206/21 അംഗനവാടികളുടെ പുനരുദ്ധാരണം	573827	173
	1517	231/21 നെല്ലിക്കുന്ന് മരുതാത്ത് റോഡ്	0	1517
	500000	237/21 ചോലത്തൊടി കോളനി റോഡ്	456793	43207
	500000	238/21 ഇസ്രായേൽകുന്ന് റീടാറിംഗ്	464027	35973
	500000	239/21 തോന്നൂർക്കര കിഴക്കുമുറി റോഡ് റീടാറിംഗ്	496956	3044
	500000	244/21 പറക്കുന്ന് കുടിവെള്ള പദ്ധതി വടക്കേക്കര ഭാഗം പൈപ്പ് ലൈൻ വ്യാപനം	499360	640
	100000	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം നൽകൽ	0	100000
	418608	254/21 18-ാം വാർഡ് അങ്കണവാടി നമ്പർ	418608	0

			42 നിർമ്മാണം		
		500000	256/21 തൊട്ടാവാടി കുളമ്പ് റോഡ് കോൺക്രീറ്റിംഗ്, പാലം നിർമാണം	500000	0
		300000	265/21 കിണറുകളുടെ സംരക്ഷണം	300000	0
		400000	268/21 മണ്ണാത്തി ചാൽ ജലസംഭരണി ചാൽ സംരക്ഷണം	396803	3197
		500000	287/21 പാലസ് റോഡ് റീടാറിംഗ്	499917	83
		200000	322/21 സചേതന - തരിശ് രഹിത നെൽകൃഷി പദ്ധതി	0	200000
		300000	326/21 നിരാലംബരായവർക്ക് സാന്ത്വന പരിചരണം	300000	0
		350000	30/21 പച്ചക്കറി കൃഷിക്ക് വിത്ത്, കൂലിച്ചെലവ്	350000	0
		100000	364/21 തരിശിടങ്ങളിലെ പച്ചക്കറി കൃഷി വ്യാപനം	0	100000
		50000	365/21 നേന്ത്രവാഴ കൃഷി	0	50000
		164000	368/21 പടുതാകുളം മത്സ്യകൃഷി	0	164000
		92000	369/21 ബയോ ഫ്ലോക്ക് മത്സ്യകൃഷി	0	92000

തൻവർഷ കണക്കുകൾ മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയത് എന്നതിനാൽ ബാലൻസ് തുക ബി-4 പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം. / ചെക്ക് നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെഎസ്ഇബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ	22000171/ 27.05.20	75235	0	75235
		22000532/ 23.07.20	30238	0	30238
		22000833/09.10.21	42423	0	42423
		2201423/ 29.03.21	42317	0	42317
		22001424/ 29.03.21	55592	0	55592
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ വലിക്കൽ	22000375/ 05.05.20	91447	0	91447
ഭൂജല വകുപ്പ്	കുടിവെള്ള കിണറുകളുടെ	22000996/ 14-10-21	231600	0	231600

	പുനരുദ്ധാരണം				
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	മുല്ലക്കൽ DWS 3 ഫെയ്സ് കണക്ഷൻ	22000264/ 26.06.21	59714	0	59714
കേരളാ വാട്ടർ അതോറിറ്റി	ജലജീവൻ പദ്ധതി	22001586/ 31.03.21	2601000	0	2601000
കേരളാ വാട്ടർ അതോറിറ്റി	വാർഡ് 7 ൽ സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കൽ	22001235/ 11-02-21	6200	0	6200

തൻവർഷ കണക്കുകൾ മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയത് എന്നതിനാൽ വാർഷിക കണക്കിലെ ബി-18 പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
KURDFC ലൈഫ് ലോൺ		141800000	37448096	2600000	2882157	0	37165939

കുറിപ്പ് : വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് മേൽ കാണിച്ചിരിക്കുന്നത്. G.O.(Rt) 4461/2020/Fin Dated: 03-08-20, G.O.(Rt) 43/2020/Fin Dated: 01.01.21 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വായ്പാ തിരിച്ചടവ് ഇനത്തിൽ കുറവ് ചെയ്ത എസ്.സി.പി. യിൽ നിന്നുള്ള ₹190157/-, ടി.എസ്.പി. യിൽ നിന്നുള്ള ₹14627 എന്നീ തുകകൾ വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല. ഈ കാര്യം ഖണ്ഡിക 1-11-14ൽ പ്രതിപാദിച്ചിട്ടുള്ളതുമാണ്.

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം / ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നം/തീയതി
2018-2019	1-25	12388	കൃഷ്ണദാസ്. എം. ജി, ടെക്നിക്കൽ അസിസ്റ്റന്റ്	120020108850 / 22.03.2021

മേൽ പറഞ്ഞ തുക ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	15,48,08,188.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	16,03,87,189.00
വരവിനങ്ങളിലുള്ള നഷ്ടം	22,000.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1,41,150.00

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1,07,94,692.00

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	22,000.00	റെനി പോൾ, സെക്രട്ടറി
3-1	26,998.00	ഷൈന. എം. ജി, അസി. എഞ്ചിനീയർ
3-2	1,14,152.00	എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
ആകെ	1,63,150.00	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18-1	30,00,743.00	ശ്രീ. വിഷ്ണു, കൃഷി ഓഫീസർ
1-18-2	1,33,815.00	ശ്രീ. വിഷ്ണു, കൃഷി ഓഫീസർ
1-18-3	3,00,635.00	ശ്രീ. വിഷ്ണു, കൃഷി ഓഫീസർ
1-18-4	1,54,805.00	ശ്രീ. വിഷ്ണു, കൃഷി ഓഫീസർ
1-18-5	25,06,075.00	ശ്രീ. വിഷ്ണു, കൃഷി ഓഫീസർ
1-19-1	5,00,000.00	ഡോ. ബിനോദ്, വെറ്ററിനറി സർജ്ജൻ
1-19-2	10,00,000.00	ഡോ. കെ. ജി. അശോകൻ, വെറ്ററിനറി സർജ്ജൻ (5,00,000/-) ഡോ. ബിനോദ്, വെറ്ററിനറി സർജ്ജൻ (5,00,000/-)
1-19-3	45,000.00	ഡോ. ബിനോദ്, വെറ്ററിനറി സർജ്ജൻ
1-21	69,998.00	ഡോ. ഹരീശ്വരൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം
1-22	8,76,336.00	ഡോ. ദിവ്യ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-28	2,31,600	ശ്രീമതി. ഷൈന. എം. ജി, അസി. എഞ്ചിനീയർ
1-35(1)	2,00,000.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-35(2)	2,00,000.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-36	4,00,000.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-37	1,50,000.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-38	36,000.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-39	2,12,284.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-42	2,47,401.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-43	2,00,000.00	ശ്രീ. എം. എസ്. ശശികുമാർ, അസി. സെക്രട്ടറി
1-48	3,30,000.00	ശ്രീമതി. റെനിപോൾ, സെക്രട്ടറി
ആകെ	1,07,94,692.00	

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ മേൽവിലാസം	സ്ഥിരം മേൽവിലാസം
റെനി പോൾ, സെക്രട്ടറി	സെക്രട്ടറി, എടത്തുരുത്തി ഗ്രാമപഞ്ചായത്ത്	എടക്കളത്തൂർ വീട്, കുറ്റൂർ പോസ്റ്റ്, തൃശ്ശൂർ.
ഷൈന. എം. ജി, അസി. എഞ്ചിനീയർ	ചേലക്കര ഗ്രാമപഞ്ചായത്ത്, അസി. എഞ്ചിനീയർ	കോമാട്ട് വളപ്പിൽ, വടക്കാഞ്ചേരി പോസ്റ്റ്, തൃശ്ശൂർ.
എം. എസ്. ശശികുമാർ, അസി. സെക്രട്ടറി	ചേലക്കര ഗ്രാമപഞ്ചായത്ത്, അസി. സെക്രട്ടറി	മുല്ലയ്ക്കൽ വീട്, വടക്കേത്തറ, പഴയന്നൂർ.

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ മേൽവിലാസം	സ്ഥിരം മേൽവിലാസം
എം. എസ്. ശശികുമാർ, അസി. സെക്രട്ടറി	ചേലക്കര ഗ്രാമപഞ്ചായത്ത്, അസി. സെക്രട്ടറി	മുല്ലയ്ക്കൽ വീട്, വടക്കേത്തറ, പഴയന്നൂർ.
ശ്രീ. വിഷ്ണു, കൃഷി ഓഫീസർ	കൃഷി ഓഫീസർ, ചേലക്കര ഗ്രാമപഞ്ചായത്ത്	KSHB House No.16, ഹരിത നഗർ, എം.ജി.കാവ്.പി.ഒ, തൃശ്ശൂർ.
ഡോ. ദിവ്യ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചേലക്കര ഗ്രാമപഞ്ചായത്ത്	കണ്ടനിങ്ങാട്ട് വീട്, പുഴയ്ക്കൽ, തൃശ്ശൂർ.
ഡോ. ഹരീശ്വരൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം	മെഡിക്കൽ ഓഫീസർ, ആയുർവേദം, ചേലക്കര ഗ്രാമപഞ്ചായത്ത്	പൊഴാതിൽ മന, ചൊറോട്ടൂർ പോസ്റ്റ്, ഒറ്റപ്പാലം.
ഡോ. കെ. ജി. അശോകൻ, വെറ്ററിനറി സർജ്ജൻ	വെറ്ററിനറി സർജ്ജൻ, വെറ്ററിനറി പോളിക്ലിനിക്, മണ്ണാർക്കാട്.	കന്നിക്കുരു വീട്, പ്രിയദർശിനി റോഡ്, ഇരവിമംഗലം, തൃശ്ശൂർ.
ഡോ. ബിനോദ്, വെറ്ററിനറി സർജ്ജൻ	വെറ്ററിനറി സർജ്ജൻ, ചേലക്കര ഗ്രാമപഞ്ചായത്ത്	G-6A, വെസ്റ്റന്റ് പാലസ്, വെളിയന്നൂർ പോസ്റ്റ്, തൃശ്ശൂർ.
ശ്രീമതി. റെനിപോൾ, സെക്രട്ടറി	സെക്രട്ടറി, എടത്തിരുത്തി ഗ്രാമപഞ്ചായത്ത്	എടക്കളത്തൂർ വീട്, കുറ്റൂർ പോസ്റ്റ്, തൃശ്ശൂർ.

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന

		ഖണ്ഡികകളുടെ എണ്ണം
1978 – 79	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	1
79 – 80	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	6
80 -81	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	രേഖപ്പെടുത്തിയിട്ടില്ല
81 -82	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	9
82 -83	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	2
83-84	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	1
84 -85	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	2
85 -86	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	3
86 -87, 87 -88	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	2
88 -89, 89 -90	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	1
90 -91	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	10
91 -92	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	4
92 -93 , 93 -94	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	11
94 -95 , 95-96	എൽ.എഫ്.ടി. എസ് 2 – 1012/11 Dt.28.10.11 / 07.12.11	13
96-97	എൽ.എഫ്.ടി.12-1923/97 Dt 25.04.98	അദാലത്തിൽ ഉൾപ്പെട്ടിട്ടില്ല
97-98	എൽ.എഫ്.ടി.പി. 4 – 49/14 Dt 05.03.14 / 05.07.14	2
98-99	എൽ.എഫ്.ടി.പി. 4 – 49/14 Dt 05.03.14 / 05.07.14	35
99-2000 വരവ്	എൽ.എഫ്.ടി.12- 1243/2001 /20.03.2002	
99-2000 ചെലവ്	എൽ.എഫ്.ടി.12- 920/2001/ 24.11.2001	
2000-2001ചെലവ്	എൽ.എഫ്.ടി.10 -1178/2003 /04.08.2003	
2001-2002 Plan	എൽ.എഫ്.ടി.10-1753/ 2003/15.03.2004	
2001-2002	എൽ.എഫ്.ടി.10- 678/2004/ 06.12.2004	
2002-03	എൽ.എഫ്.ടി.10- 1702/2006 /08.03.07 / 03.8.07	
2003-04	എൽ.എഫ്.ടി.10- 1796/2008 /29.05.2010	
2004-05	എൽ.എഫ്.ടി.10- 1797/2008 /29.05.2010	
2005-06	എൽ.എഫ്.ടി.10- 840 /2009/18.09.2010	
2006-07	എൽ.എഫ്.ടി.10-841/2009/ 18.09.2010	
2007-08	എൽ.എഫ്.ടി.പി.4- 684/2011/ 11.10.11/ 03.02.12	
2008-09 2009-10 2010-11	എൽ.എഫ്.ടി.പി.4-1481/ 12/ 21.01.2013/ 06.04.2013	
2011-12	എൽ.എഫ്.ടി.പി.4- 1066/2013/ 03.12.13/ 06.04.2013	
2012-13	എൽ.എഫ്.ടി.പി.4-1835/2014/ 12.03.2015/ 08.05.2015	
2013-14	നം. കെ.എസ്.എ.ടി.എസ്.ആർ. (പി4)1152/15, 19.10.2015/31.10.2015	
2014-15	കെ.എസ്.എ.ടി.എസ്.ആർ (പി4)1045/2016, 02.07.16	

2015-16	കെ.എസ്.എ.ടി.എസ്.ആർ (പി4)2034/2016, 23.11.16	
2016-17	കെ.എസ്.എ.ടി.എസ്.ആർ. (പി.4) 1418/2017 / 13.09.17	
2017-18	കെ.എസ്.എ.ടി.എസ്.ആർ. (പി.4) 800/2019 / 04.06.19/17.06.19	
2018-19	കെ.എസ്.എ.ടി.എസ്.ആർ. (പി.4) 1692/19 / 17/12/19	
2019 -20	കെ.എസ്.എ.ടി.എസ്.ആർ. (പി.3) 1329/2021 Dt. 15/03/2022	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്